VOL NO: 10 I ISSUE 14

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 APRIL 04 I ₹10



# കുട്ടിക്കളിയല്ല സോഷ്യൽ മീഡിയ

വെക്കേഷനോടൊപ്പം ഉച്ചസ്ഥായിലേക്കുയരുന്നതാണ്, പല കുടുംബകങ്ങളിലെയും രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള കലഹത്തിന്റെ തോത്. മിക്കവാറും സോഷ്യൽമീഡിയ തന്നെയാവും വില്ലൻ. ബോധവൽക്കരണം മാത്രമല്ല, പരിഹാരത്തിന് പ്രായാധിഷ്ഠിത നിയന്ത്രണങ്ങളും അനിവാര്യമാണ്.

ശീഇസവും ‘ആയത്തുല്ലാഹ്’ ‘ശഹീദ്’ പദവികളും

പശ്ചിമേഷ്യൻ പ്രതിസന്ധികളെ പ്രമാണങ്ങളിലൂടെ വായിക്കുമ്പോൾ

ചുട്ടുപൊള്ളുന്ന കേരളം

റൈഹാൻ ഷഹീദ് ● യാസീൻ അൽഹികമി ● ഡോ. റഫീദ




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

480

നേർപഥം വാരിക

2026 ഏപ്രിൽ 04
1447 ശവ്വാൽ 16
പുസ്തകം 10 / ലക്കം 14



Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




റൈഹാൻ ഷഹീദ്

വെക്കേഷനോടൊപ്പം ഉച്ചസ്ഥായിയിലേക്കുയരുന്നതാണ്, പല കുടുംബകങ്ങളിലെയും രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള കലഹത്തിന്റെ തോത്. മിക്കവാറും സോഷ്യൽമീഡിയ തന്നെയാവും വില്ലൻ. ബോധവൽക്കരണം മാത്രമല്ല, പരിഹാരത്തിന് പ്രായാധിഷ്ഠിത നിയന്ത്രണങ്ങളും അനിവാര്യമാണ്.


**04** നമുക്കുചുറ്റും
വിശ്വാസത്തിലെ ദൃഢതയും ഭരണഘടനാപരമായ അവകാശങ്ങളും: ഒരു വിശകലനം
ടി.കെ അശ്റഫ്

**05** മുഖമൊഴി
അറിവിന്റെ ആഴങ്ങളിലേക്ക് മിഴിതുറക്കുക

**06** ലേഖനം
പശ്ചിമേഷ്യൻ പ്രതിസന്ധികളെ പ്രമാണങ്ങളിലൂടെ വായിക്കുമ്പോൾ
യാസീൻ അൽഹികമി

**16** വായനക്കാർ എഴുതുന്നു
ചികിത്സ നിഷേധിക്കൽ ഇസ്‌ലാമികമോ?
നസീമ വാടാനപ്പള്ളി

**18** വിമർശനം
ശീഇസവും 'ആയത്തുല്ലാഹ്,' 'ശഹീദ്' പദവികളും
മൂസ സ്വലാഹി കാര

**23** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** ലേഖനം
ഇത്തിബാഇന് തടസ്സമാകുന്ന ഘടകങ്ങൾ
സമീർ മുണ്ടേരി

**28** പഠനം
വിജ്ഞാനം വെളിച്ചമാണ്
ശമീർ മദീനി

**30** ആരോഗ്യപഥം
ചുട്ടുപൊള്ളുന്ന കേരളം; അതിജീവനത്തിനായുള്ള ആരോഗ്യപാഠങ്ങൾ
ഡോ.റഫീദ.കെ

**34** ലേഖനം
മൂല്യങ്ങൾ കാത്തു സൂക്ഷിക്കുക
ജസീറ ബിൻത് സകരിയ്യ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിശ്വാസത്തിലെ ദൃഢതയും ഭരണഘടനാപരമായ അവകാശങ്ങളും:
## ഒരു വിശകലനം

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

'തന്റെ മതം മാത്രമാണ് സത്യമെന്ന് അവകാശപ്പെടുന്നത് തെറ്റാണ്' എന്ന, അലഹബാദ് ഹൈക്കോടതിയുടെ പുതിയ നിരീക്ഷണം നമ്മുടെ ഭരണഘടനാപരമായ മൗലികാവകാശങ്ങളെയും സാമൂഹിക ഘടനയെയും എങ്ങനെ ബാധിക്കുന്നു എന്നത് ഗൗരവകരമായ ചർച്ച അർഹിക്കുന്നു. ഒരാൾ ഒരു ആദർശത്തിലോ മതത്തിലോ വിശ്വസിക്കുന്നത് അത് 'സത്യമാണ്' എന്ന ഉറച്ച ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്.

മനഃശാസ്ത്രപരമായി, തന്റെ നിലപാട് ശരിയാണെന്ന ബോധ്യമുണ്ടെങ്കിൽ മാത്രമെ ആ വിശ്വാസത്തോട് ആത്മാർഥത പുലർത്താൻ ഒരാൾക്ക് കഴിയുകയുള്ളൂ. ഒരു രാഷ്ട്രീയ പ്രവർത്തകൻ തന്റെ പാർട്ടിയുടെ നയങ്ങളാണ് നാടിന് നല്ലതെന്ന് വിശ്വസിക്കുന്നതുപോലെയാണിത്. ഈ ഉറപ്പിനെ 'അസഹിഷ്ണുത' എന്ന് വിളിക്കുന്നത് മനഃശാസ്ത്രപരമായി തെറ്റാണ്.

സ്വന്തം മതം സത്യമാണെന്ന് വിശ്വസിക്കുന്നത് ഒരിക്കലും ശത്രുതയോ വിഭാഗീയതയോ ഉണ്ടാക്കുന്നില്ല. മറിച്ച്, 'എന്റെ ശരി മറ്റുള്ളവരെല്ലാം നിർബന്ധമായും അംഗീകരിക്കണം' എന്ന് വാശിപിടിക്കുകയും അത് അടിച്ചേൽപിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അത്തരമൊരു നിർബന്ധബുദ്ധി ഇവിടെ ഒരു മതവും ആവശ്യപ്പെടുന്നില്ല. ആത്മാർഥമായ വിശ്വാസവും ഫാസിസ്റ്റ് രീതിയിലുള്ള അടിച്ചേൽപിക്കലും രണ്ടാണ്.

ഇന്ത്യയുടെ ചരിത്രം പരിശോധിച്ചാൽ മതത്തിന്റെ പേരിൽ ഇവിടെയുണ്ടായ സംഘർഷങ്ങളെല്ലാം മതത്തെ അധികാരത്തിന് വേണ്ടി ദുരുപയോഗം ചെയ്തപ്പോഴാണ് സംഭവിച്ചിട്ടുള്ളത് എന്നു കാണാൻ കഴിയും. തന്റെ മതം മാത്രമാണ് സത്യമെന്ന് വിശ്വസിച്ചതുകൊണ്ടല്ല ലഹളകൾ ഉണ്ടായത്, മറിച്ച് രാഷ്ട്രീയ ലാഭത്തിന് വേണ്ടി വിശ്വാസത്തെ ആയുധമാക്കിയപ്പോഴാണ്. വിശ്വസിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഭരണഘടനയുടെ 25ാം അനുച്ഛേദത്തിൽ ഉൾപ്പെടുത്തിയത് ഈ ചരിത്രപരമായ ബോധ്യത്തിൽനിന്നാണ്. വൈവിധ്യങ്ങൾ നിറഞ്ഞ ഒരു സമൂഹത്തിൽ ഓരോ വിഭാഗത്തിനും തനതായ സ്വത്വവും വിശ്വാസവുമുണ്ട്. 'എല്ലാം ഒന്നാണ്' അല്ലെങ്കിൽ 'എല്ലാം ശരിയാണ്' എന്ന സാമാന്യവൽക്കരണമല്ല യഥാർഥ ബഹുസ്വരത.

ആരോഗ്യകരമായ സംവാദങ്ങളും ആശയവിനിമയങ്ങളും നടക്കുമ്പോഴാണ് ഒരു സമൂഹം ബൗദ്ധികമായി വളരുന്നത്. രാഷ്ട്രീയ പാർട്ടികൾക്ക് തങ്ങളുടെ മാനിഫെസ്റ്റോ മാത്രമാണ് ശരിയെന്ന് പറയാമെങ്കിൽ, ഒരു മതവിശ്വാസിക്ക് തന്റെ വേദഗ്രന്ഥമാണ് സത്യമെന്ന് വിശ്വസിക്കാൻ എന്താണ് തടസ്സം? തന്റെ പക്കലുള്ളത് 'സത്യമാണ്' എന്ന ബോധ്യമില്ലാത്ത ഒരാൾക്ക് എങ്ങനെ അത് മറ്റൊരാളോട് പ്രചരിപ്പിക്കാൻ കഴിയും?

ഈ ഹൈക്കോടതി നിരീക്ഷണം ഒരു അന്തിമവാക്കായി വിശ്വാസികൾക്ക് കാണാൻ കഴിയില്ല. ഭരണഘടന പൗരന് അനുവദിച്ചു നൽകുന്ന പൂർണമായ മതസ്വാതന്ത്ര്യം പുനഃസ്ഥാപിക്കപ്പെടാൻ മേൽക്കോടതികളിൽ ഇതിനെതിരെ നിയമപരമായ വ്യവഹാരങ്ങൾ നടക്കേണ്ടതുണ്ട്. ഇത്തരം പരാമർശങ്ങൾ തിരുത്തപ്പെടുന്നതുവരെ ജനാധിപത്യപരമായ നിയമപോരാട്ടങ്ങൾ തുടരുക തന്നെ വേണം.

എല്ലാ മതങ്ങളും ശരിയാണെന്ന് വിശ്വസിക്കണമെന്ന് നിർബന്ധിക്കുന്നത് വിശ്വാസ സ്വാതന്ത്ര്യത്തിന് മേലുള്ള കടന്നുകയറ്റമാണ്. എന്റെ വിശ്വാസം എനിക്ക് സത്യമാണ്, നിങ്ങളുടെ വിശ്വാസം നിങ്ങൾക്ക് സത്യമാണ് എന്ന നിലപാടാണ് കൂടുതൽ ജനാധിപത്യപരം. ഇതിനെ അസഹിഷ്ണുതയായി കാണുന്നത് ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കുന്നതല്ല.

# അറിവിന്റെ ആഴങ്ങളിലേക്ക് മിഴിതുറക്കുക

ഒരു വേനലവധികൂടി വന്നെത്തിയിരിക്കുകയാണ്. വിദ്യാലയങ്ങൾക്ക് വാർഷിക പരീക്ഷ കഴിഞ്ഞാൽ പിന്നെ രണ്ടു മാസത്തെ അവധിയാണ്. പണ്ടൊക്കെ ഈ രണ്ടു മാസവും കുട്ടികൾ പാടത്തും പറമ്പിലും മൈതാനത്തിലുമൊക്കെയായി കായികമായ വ്യത്യസ്ത കളികളിൽ ഏർപ്പെട്ട് സമയം ചെലവഴിക്കുകയാ യിരുന്നു ചെയ്തിരുന്നത്. ഇന്റർനെറ്റും സ്മാർട്ട് ഫോണും കടന്നുവന്നതോടുകൂടി കുട്ടികൾ പുറത്തിറങ്ങി കൂട്ടുകൂടി കളിക്കുന്നില്ല. വീടിന്റെ ഒരു മൂലയിൽ ഫോണുമായി ചുരുണ്ടുകൂടിയിരുന്ന് അവധിക്കാലം കഴിച്ചുകൂട്ടുന്നവരാണ് അധികവും. ചില കുട്ടികൾക്കാകട്ടെ, അവധിക്കാലവും പഠനത്തിന്റേതാണ്. രക്ഷിതാക്കൾ അവരെ പഠനത്തിന്റെ ലോകത്ത് കെട്ടിയിടുന്നു എന്ന് പറയുന്നതാണ് ശരി.

ഒഴിവുസമയം പുസ്തക വായനക്കുകൂടി നീക്കി വയ്ക്കാൻ കുട്ടികളും രക്ഷിതാക്കളും അധ്യാപകരുമെല്ലാം തയ്യാറാകേണ്ടിയിരിക്കുന്നു. അറിവിന്റെ വിശാലമായ ലോകത്തേക്കുള്ള കവാടമാണല്ലോ വായന. അറിവ് കരസ്ഥമാക്കുന്നതിനെ ഇസ്‌ലാമിനോളം പ്രോത്സാഹിപ്പിച്ച ഒരു മതമോ പ്രത്യയശാസ്ത്രമോ ലോകത്തില്ല എന്ന് പറയുന്നതിൽ അൽപം പോലും അതിശയോക്തിയുണ്ടെന്ന് തോന്നുന്നില്ല. മുഹമ്മദ് നബി(സ്വ)ക്ക് ആദ്യമായി അവതീർണമായ ക്വുർആൻ വചനങ്ങൾ തന്നെ വായനക്കും ആഴത്തിലുള്ള പഠനത്തനും ചിന്തക്കും പ്രേരണ നൽകുന്നതാണെന്ന് കാണാം.

പൗരാണികകാല മുസ്‌ലിം സമൂഹം ക്വുർആനിന്റെയും പ്രവാചക വചനങ്ങളുടെയും അന്തസ്സത്തയുൾക്കൊണ്ട് സകല വിജ്ഞാനീയങ്ങളിലും വ്യുൽപത്തി നേടുവാൻ ശ്രമിച്ചിരുന്നതായി ചരിത്രം വ്യക്തമാക്കുന്നു. രാഷ്ട്രീയവും സാമൂഹ്യവുമായ കാരണങ്ങളാൽ പിൽക്കാലത്ത് ഈ രംഗത്ത് മുസ്‌ലിം ലോകം അൽപം പുറകോട്ടടിച്ചു എന്നത് വസ്തുതയാണ്.

പഠനം എന്നത് ക്ലാസ്മുറികളിലോ പുസ്തകങ്ങളിലോ ഒതുങ്ങുന്നതല്ല. പ്രപഞ്ചം തന്നെയും ഒരു തുറന്ന പുസ്തകമാണ്. കടലും പുഴയും കാനനവും പറവകളും എണ്ണമറ്റ ജന്തുജാലങ്ങളുമെല്ലാം പകർന്നുതരുന്നത് വിസ്മയകരമായ അറിവുകളാണ്. അവധിക്കാലത്ത് വിനോദയാത്ര പോകുന്ന കുട്ടികളെ, വിനോദത്തോടൊപ്പം അവരുടെ ചിന്തയെ തട്ടിയുണർത്തുന്ന പ്രകൃതി പ്രതിഭാസങ്ങൾ കൂടി കാണിക്കണം. ആഴത്തിലുള്ള പഠനത്തിലൂടെയും ചിന്തയിലൂടെയും ദൈവാസ്തിത്വം തിരിച്ചറിയാൻ സാധിക്കുമെന്നതിൽ സംശയമില്ല. സൃഷ്ടിപ്പിന്റെ വിവിധ വശങ്ങളുമായി ബന്ധപ്പെട്ട് ക്വുർആൻ നൽകുന്ന വിവരണങ്ങളും വിജ്ഞാനങ്ങളും വിശ്വാസ ദൃഢീകരണത്തിനുതകുന്നതാണ്.

"ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകളുടെ മാറ്റത്തിലും മനുഷ്യർക്കുപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും ആകാശത്തു നിന്ന് അല്ലാഹു മഴ ചൊരിഞ്ഞു തന്നിട്ട് നിർജീവാവസ്ഥക്കു ശേഷം ഭൂമിക്ക് അതുമുഖേന ജീവൻ നൽകിയതിലും കാറ്റുകളുടെ ഗതിക്രമത്തിലും ആകാശ ഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച" (ക്വുർആൻ 2:164).

അറിവിന്റെ അക്ഷയഖനികൾ നിറഞ്ഞതാണ് പ്രപഞ്ചം. അതിൽ നിന്നും ഓരോ മുത്ത് കണ്ടെടുക്കുമ്പോഴും പ്രപഞ്ചനാഥനെയും അവന്റെ നിസ്തുലമായ കഴിവുകളെയും കുറിച്ച് മനസ്സിലാക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല. കുറ്റമറ്റ രീതിയിലുള്ള ഓരോ സ്ഥൂല-സൂക്ഷ്മ ജീവിയുടെയും സകല വസ്തുക്കളുടെയും സൃഷ്ടിപ്പിനു പിന്നിൽ ആകസ്മികതയോ യാദൃച്ഛികതയോ അല്ലെന്നും സൂക്ഷ്മജ്ഞാനിയും സർവശക്തനുമായ ഒരുവന്റെ കരങ്ങളാണെന്നും കണ്ടെത്താൻ ചിന്താശേഷി ഉപയോഗിക്കുന്നവർക്ക് കഴിയുമെന്നതിനാലാണ് ക്വുർആനിലൂടെ അനേക തവണ ചിന്തിക്കുവാനും ഉറ്റാലോചിക്കുവാനും അല്ലാഹു ആഹ്വാനം ചെയ്തിരിക്കുന്നത്. ■




# പശ്ചിമേഷ്യൻ പ്രതിസന്ധികളെ പ്രമാണങ്ങളിലൂടെ വായിക്കുമ്പോൾ

യാസീൻ അൽഹികമി

പശ്ചിമേഷ്യൻ പ്രതിസന്ധികളെയും സംഘർഷങ്ങളെയും കേവലമൊരു രാഷ്ട്രീയ പോരാട്ടമായി മാത്രം ചുരുക്കിക്കാണാൻ ഒരിക്കലും സാധിക്കില്ല. മറിച്ച്, രാഷ്ട്രീയ ലക്ഷ്യങ്ങളും സങ്കുചിതമായ മത വിശ്വാസങ്ങളും തമ്മിൽ കെട്ടുപിണഞ്ഞുകിടക്കുന്ന വളരെ സങ്കീർണമായ ഒരു അവസ്ഥയാണിത്. സ്വാധീനശക്തിക്ക് വേണ്ടിയുള്ള കിടമത്സരം, സമുദ്ര കവാടങ്ങളുടെയും തുറമുഖങ്ങളുടെയും നിയന്ത്രണം, എണ്ണയും ഗ്യാസും ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ കൈക്കലാക്കൽ തുടങ്ങിയ വലിയ ഭൗമരാഷ്ട്രീയ താൽപര്യങ്ങളാണ് യഥാർഥത്തിൽ ഇതിന് പിന്നിലുള്ളത്. എന്നാൽ നിർഭാഗ്യവശാൽ, ഇതിൽ ഉൾപ്പെട്ട ഇരുവിഭാഗവും തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾ നേടിയെടുക്കുന്നതിനായി മതത്തെ അതിക്രൂരമായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഓരോ തവണ പ്രതിസന്ധികൾ ആവർത്തിക്കുമ്പോഴും യാഥാർഥ്യങ്ങൾ അടിവരയിട്ടു പറയുന്ന ഒരു കാര്യമുണ്ട്; രാഷ്ട്രീയ സംഭവവികാസങ്ങളെ മനസ്സിലാക്കുന്നതിലും നിലപാടുകൾ തീരുമാനിക്കുന്നതിലും സലഫികൾ അവലംബിക്കുന്ന മൻഹജ് കേവലമൊരു ബൗദ്ധിക സിദ്ധാന്തമല്ല. മറിച്ച്, വഞ്ചനാത്മകമായ മുദ്രാവാക്യങ്ങളിൽനിന്നും വൈകാരികതകളിൽനിന്നും അകന്നുനിന്നുകൊണ്ട്, നിലപാടുകളെ



**ഒന്നിലും പക്ഷം ചേരാതെ യാഥാർഥ്യത്തോടൊപ്പം നിലകൊള്ളുന്നവരെ വഞ്ചകരാണെന്ന് മുദ്രകുത്തിയും സംശയങ്ങൾ ജനിപ്പിച്ചും അവരെ ഇല്ലാത്തൊരു ദ്വന്ദവാദത്തിൽ തളച്ചിടാൻ ശ്രമിക്കുന്നതിനെതിരെ നാം ജാഗ്രത പാലിക്കണം. മതത്തെയും വ്യതിചലിച്ച രാഷ്ട്രീയ പദ്ധതികളെയും തമ്മിൽ വേർതിരിച്ച് കാണാൻ നമുക്ക് സാധിക്കണം. യാഥാർഥ്യങ്ങളെ മറന്നുകൊണ്ട് വെറും മുദ്രാവാക്യങ്ങളിൽ വഞ്ചിതരാകാതിരിക്കുക. സലഫുകളുടെ മൻഹജ് മുറുകെപ്പിടിക്കുകയും, കാര്യങ്ങളെ കൃത്യമായി നോക്കിക്കാണുകയും, വൈകാരികതകൾക്ക് മുന്നിൽ സ്വന്തം ചിന്താശേഷിയെ അടിയറവു പറയാതിരിക്കുകയും ചെയ്യുക എന്നതാണ് ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്.**

അല്ലാഹുവിന്റെ വചനങ്ങളുമായും നബി(സ്വ)യുടെ സുന്നത്തുമായും ബന്ധിപ്പിക്കാനുള്ള ഗൗരവകരമായ ശ്രമമാണത്.

സയണിസ്റ്റ് പദ്ധതികളുടെ അടിസ്ഥാനം പരിശോധിച്ചാൽ, 'നൈൽ നദി മുതൽ യൂപ്രട്ടീസ് നദി വരെ' തങ്ങളുടെ സാമ്രാജ്യം വ്യാപിപ്പിക്കുക എന്നത് ഒരു ദൈവ നിശ്ചയമാണെന്ന അന്ധവിശ്വാസത്തിലാണ് അവർ നിലകൊള്ളുന്നത് എന്ന് കാണാൻ സാധിക്കും. വെറും മിത്തുകളെ അടിസ്ഥാനമാക്കിയാണ് സയണിസ്റ്റ് ഭരണകൂടം നിലനിൽക്കുന്നത് എന്ന് പ്രമുഖ ചിന്തകൻ റോജർ ഗാരോഡി തന്റെ 'ദ ഫൗണ്ടിംഗ് മിത്ത്സ് ഓഫ് മോഡേൺ ഇസ്രായേൽ' (The Founding Myths of Modern Israel) എന്ന ഗ്രന്ഥത്തിലൂടെ കൃത്യമായി തുറന്നുകാട്ടിയിട്ടുണ്ട്. പാശ്ചാത്യ ശക്തികൾ മതേതരവാദികളെന്ന് അവകാശപ്പെടുമ്പോഴും, അവർ ഇസ്രായേലിനെ അന്ധമായി പിന്തുണയ്ക്കുന്നതിന് പിന്നിലും അവരുടെ വികലമായ ക്രൈസ്തവ വിശ്വാസങ്ങളുണ്ട്. മസ്ജിദുൽ അക്സ തകർത്ത് അവിടെ ഒരു ക്ഷേത്രം നിർമിക്കപ്പെടുമ്പോഴാണ് ക്രിസ്തുവിന്റെ രണ്ടാം വരവ് ഉണ്ടാകുക എന്ന അവരുടെ വിശ്വാസം, സയണിസ്റ്റ് ലക്ഷ്യങ്ങൾ മേഖലയിൽ നടപ്പിലാക്കാനുള്ള ഒരു ഉപാധിയായി അവരെ മാറ്റിയിരിക്കുന്നു. ഇതാണ് ഈ സംഘർഷത്തിലെ ഒരു വശം.

മറുവശത്ത്, ഇസ്‌ലാമിന്റെയും പ്രവാചക കുടുംബത്തിന്റെയും പേര് പറഞ്ഞ് സുന്നി മുസ്‌ലിംകളെ വേട്ടയാടുകയും പശ്ചിമേഷ്യയിൽ തങ്ങളുടെ പേർഷ്യൻ സാമ്രാജ്യത്വ ആധിപത്യം ഉറപ്പിക്കാൻ ശ്രമിക്കു കയും ചെയ്യുന്ന ഇറാനിലെ റാഫിദികളാണ്. ഇറാൻ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നു എന്ന് പറയുന്നത് തികച്ചും അബദ്ധജടിലമായ ഒരു വാദമാണ്. പുറമെ ഇസ്‌ലാമും ഉള്ളിൽ കുഫ്റും വെച്ചുപുലർത്തുന്ന ഒരു രാജ്യമാണത് എന്ന യാഥാർഥ്യത്തെ ബോധപൂർവം അവഗണിക്കാൻ ഒരു സത്യവിശ്വാസിക്കും സാധിക്കില്ല. ശിയാവിശ്വാസത്തിന്റെ യഥാർഥ വൈകല്യങ്ങളെക്കുറിച്ച് പഠിച്ച അസ്ഹറിലെ പ്രമുഖ പണ്ഡിതൻ ഡോ. മുഹമ്മദ് അമാറ വ്യക്തമാക്കിയത്, ശിയാക്കളെ ഒരു ചിന്താധാര എന്ന് വിളിക്കുന്നതിന് പകരം 'ശിയാ മതം' എന്ന് വിളിക്കുന്നതാണ് കൂടുതൽ കൃത്യത എന്നാണ്. സുന്നി സമൂഹം വിശ്വസിക്കുന്ന അല്ലാഹുവും പ്രവാചകനുമല്ല തങ്ങളുടെതെന്ന് അവരുടെ പ്രമുഖ പണ്ഡിതനായ നിഅ്മത്തുള്ള അൽജസാഇരി തന്റെ ഗ്രന്ഥത്തിൽ സംശയലേശമന്യേ രേഖപ്പെടുത്തിയിട്ടുണ്ട്. കാരണം, അബൂബക്കർ(റ) ആരുടെ ഖലീഫയാണോ അവനാണ് അല്ലാഹു എന്ന് വിശ്വസിക്കാൻ അവർ തയ്യാറല്ല. നബി(സ്വ)യുടെ സച്ചരിതരായ സ്വഹാബികളെയും സുന്നി ലോകത്തെയും മുഴുവൻ കാഫി

റുകളാക്കുന്ന വ്യതിചലിച്ച വിശ്വാസമുള്ള വരാണവർ. ഇങ്ങനെയുള്ളവരെ ഇസ്‌ലാമിക പ്രതിരോധത്തിന്റെ വക്താക്കളായി കാണുന്നത് ഇസ്‌ലാമിക അടിസ്ഥാനങ്ങളെക്കുറിച്ചുള്ള കടുത്ത അജ്ഞതയാണ്.

കയ്പ്പേറിയ ഒരു ഭൗമരാഷ്ട്രീയ സത്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ഗൾഫ് രാജ്യങ്ങളെ സമ്മർദത്തിലാക്കാനും ബ്ലാക്ക്മെയിൽ ചെയ്യാനും പാശ്ചാത്യശക്തികൾ ഉപയോഗിച്ച പ്രധാന ആയുധം റാഫിദീ ഭരണകൂടത്തിന്റെ ഈ സാന്നിധ്യമാണ്. ഇറാന്റെ നിരന്തരമായ ഭീഷണികളിൽ നിന്ന് സംരക്ഷിക്കാം എന്ന വ്യാജേനയാണ് അവർ ഈ മേഖലയിൽ ഇടപെടലുകൾ നടത്തുന്നത്. സമീപകാലത്തായി അയൽ രാജ്യങ്ങളായ മുസ്‌ലിം നാടുകൾക്കും സുന്നി ജനവാസകേന്ദ്രങ്ങൾക്കും നേരെ അവർ തൊടുത്തുവിട്ട ആയിരക്കണക്കിന് മിസൈലുകളും ഡ്രോണുകളും ഈ യാഥാർഥ്യത്തിന്റെ ഏറ്റവും വലിയ തെളിവാണ്. ഈയൊരു ഭീഷണി കാരണം, ഇറാന്റെ അപകടത്തിൽ നിന്ന് രക്ഷപ്പെടാൻ സയണിസ്റ്റുകളെ അഭയം പ്രാപിക്കുകയാണ് ഏകവഴിയെന്ന് തെറ്റിദ്ധരിച്ച് ചില അറബ് രാജ്യങ്ങൾ 'അബ്രഹാം ഉടമ്പടികൾ' (Abraham Accords)പോലുള്ള കരാറുകളിലേക്ക് വേഗത്തിൽ നീങ്ങാൻ നിർബന്ധിതരായി. ഇതിൽ നിന്ന് വ്യക്തമാകുന്നത്, ഇറാനിലെ നിലവിലെ ഭരണകൂടം മുസ്‌ലിം സമുദായത്തിന് ഒരു മുതൽക്കൂട്ടല്ല, മറിച്ച് വലിയൊരു ദുരന്തമാണ് എന്നാണ്.

ഈയൊരു പശ്ചാത്തലത്തിലാണ്, ഇറാനോടൊപ്പം നിൽക്കുക എന്നത് ഇസ്‌ലാമിനോടൊപ്പം നിൽക്കുന്നതിന് തുല്യമാണെന്നും, നിഷ്പക്ഷത പാലിക്കുന്നതോ വിമർശിക്കുന്നതോ ആയ ഏത് നിലപാടും ജൂതന്മാർക്ക് അനുകൂലമായി ഭവിക്കുമെന്നുമുള്ള ഒരു വ്യാജ ദ്വന്ദവാദം നമ്മുടെ സമൂഹത്തിൽ ചിലർ പ്രചരിപ്പിക്കുന്നത്. കേവലം രണ്ട് ചോയ്സുകളിൽ മാത്രം കാര്യങ്ങളെ ഒതുക്കുന്ന ഈ വാദം യാഥാർഥ്യങ്ങളെ പൂർണമായും തെറ്റിദ്ധരിപ്പിക്കുന്നതാണ്. രണ്ട് അതിക്രമികൾ തമ്മിൽ യുദ്ധം നടക്കുമ്പോൾ

**വിവേകമുള്ള ഒരാൾ യഹൂദരിലോ മുശ്‌രിക്കുകളിലോ ഇത്തരം കക്ഷിവാദികളിലോ വിശ്വാസമർപ്പിക്കുകയില്ല. അവരോടുള്ള ഇടപാടുകൾ ഭരണാധികാരികളിൽ നിക്ഷിപ്തമായ രാഷ്ട്രീയ കാര്യമാണെന്ന് അയാൾക്കറിയാം. പൊതുനന്മയും സുരക്ഷയും പരിഗണിച്ച് അവർ തീരുമാനങ്ങളെടുക്കും. അതിനാൽ ഭരണാധികാരികളുടെ അധികാരങ്ങളിൽ കൈകടത്താനോ കാര്യങ്ങൾ കുഴപ്പത്തിലാക്കാനോ പാടുള്ളതല്ല.**

അതിലൊരാളെ പിന്തുണച്ചേ മതിയാകൂ എന്ന് നിർബന്ധം പിടിക്കുന്നത് ഇസ്‌ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. ഇറാന്റെ രാഷ്ട്രീയ നീക്കങ്ങൾക്കു പിന്നിൽ വെറും സാമ്രാജ്യ വികസനമാണ്. സിറിയയിലും ഇറാഖിലും ലബനനിലും യമനിലും അവർ ലക്ഷക്കണക്കിന് സുന്നി മുസ്‌ലിംകളെയാണ് കൊന്നൊടുക്കിയത്. സയണിസ്റ്റുകളോട് യുദ്ധം ചെയ്തു എന്നതുകൊണ്ട് മാത്രം അവർ ഇസ്‌ലാമിന്റെ വക്താക്കളാകുന്നില്ല. ഇവരിൽ ആരെയും പിന്തുണയ്ക്കാതെ സത്യത്തിന്റെ പക്ഷത്ത് ഉറച്ചുനിൽക്കുക എന്നതാണ് അഹ്‌ലുസ്സുന്നയുടെ യഥാർഥ നിലപാട്.

യുദ്ധങ്ങളുടെയും ഫിത്നകളുടെയും സമയത്ത് വൈകാരികതയെ ചൂഷണം ചെയ്യുക എന്നത് വഴിപിഴച്ച രാഷ്ട്രീയ കക്ഷികൾ സ്വീകരിക്കുന്ന രീതിയാണ്. ജനങ്ങളെ ഇളക്കിവിട്ട്, തങ്ങളോടൊപ്പം നിൽക്കാത്തവരെയെല്ലാം ഇസ്‌ലാമിന്റെ ശത്രുക്കളായി അവർ ചിത്രീകരിക്കും. ഇത്തരം സന്ദർഭങ്ങളിൽ വികാരങ്ങൾക്ക് അടിമപ്പെടാതെ, അല്ലാഹുവിന്റെ ശരീഅത്തിന് പൂർണമായി കീഴ്പ്പെടാനാണ് സലഫുകൾ എക്കാലത്തും പഠിപ്പിക്കുന്നത്.

മതത്തിന്റെയും ബുദ്ധിയുടെയും തുലാസിൽ നോക്കുമ്പോൾ എല്ലാ പക്ഷത്ത് നിന്നുമുള്ള അതിക്രമങ്ങളെയും നിരാകരിക്കുക എന്നത് പരിഗണിക്കപ്പെടുന്ന ഒരു നിലപാടാണ്. ഈ പ്രതിസന്ധി ഘട്ടങ്ങളിൽ സമുദായം സ്വീകരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം തർക്കങ്ങളും ഭിന്നതകളും വെടിയുകയും, മുസ്‌ലിം ഭരണാധികാരികളുടെ ഔദ്യോഗിക നിലപാടുകളോട് ചേർന്നുനിൽക്കുകയും ചെയ്യുക എന്നതാണ്.

മസ്ജിദുന്നബവിയിലെ മുദർരിസും മദീന യൂണിവേഴ്സിറ്റി പ്രൊഫസറുമായ പ്രഗൽഭ സലഫി പണ്ഡിതൻ ഡോ. ശൈഖ് സുലൈമാൻ റുഹൈലി(റഹി) പറയുന്നു: "ചിലർ ഇപ്പോഴത്തെ സാഹചര്യങ്ങളെ ചൂഷണം ചെയ്ത് സയണിസ്റ്റുകളിൽ വിശ്വാസമർപ്പിക്കാനും അവരോട് അടുക്കാനും പ്രേരിപ്പിക്കുന്നത് നാം കേട്ടു. മറ്റു ചിലരാകട്ടെ, ഇതേ അവസരം ഉപയോഗിച്ച് ഇറാനിൽ വിശ്വാസമർപ്പിക്കാനും അവരുമായി സഹകരിക്കാനും ആഹ്വാനം ചെയ്യുന്നു. എന്നാൽ അല്ലാഹു ക്വുർആനിലൂടെ നമുക്ക് മുന്നറിയിപ്പ് നൽകുന്നു: 'സത്യവിശ്വാസികളോട് ഏറ്റവും കഠിനമായ ശത്രുതയുള്ളവർ യഹൂദരും അല്ലാഹുവിൽ പങ്കുകാരെ ചേർക്കുന്നവരും (മുശ്‌രിക്കുകൾ) ആണെന്ന് തീർച്ചയായും നിനക്ക് കാണാം."

ഇമാം അസ്സഅദി(റഹി) ഇതിനെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്: "ഈ രണ്ട് വിഭാഗങ്ങളാണ് ഇസ്‌ലാമിനോടും മുസ്‌ലിംകളോടും ഏറ്റവും കൂടുതൽ ശത്രുത പുലർത്തുന്നവർ. മുസ്‌ലിംകളെ ദ്രോഹിക്കാൻ ഇത്രയധികം പരിശ്രമിക്കുന്നവർ വേറെയില്ല. മുസ്‌ലിംകളോടുള്ള കടുത്ത വിദ്വേഷം, അസൂയ, ധിക്കാരം എന്നിവയാണ് ഇതിന് കാരണം.




അതുപോലെ, ഐക്യമുണ്ടാക്കാൻ എന്ന വ്യാജേന 'ഇഖ്‌വാനുൽ മുസ്‌ലിമീൻ' ഉൾപ്പെടെയുള്ള ഹിസ്ബി കക്ഷികളെയും പ്രസ്ഥാനക്കാരെയും കുറിച്ച് മിണ്ടാതിരിക്കണമെന്നും ചിലർ ആവശ്യപ്പെടുന്നത് നാം കേട്ടു. എന്നാൽ പ്രതിസന്ധികളിലും കുഴപ്പങ്ങളിലും ഇത്തരം ബിദ്അത്തുകാർ കൂടുതൽ അപകടകാരികളാണെന്നും അവരുടെ ഇടപെടലുകൾ ദോഷകരമാണെന്നും തിരിച്ചറിവുള്ളവർക്ക് അറിയാം. അവരെ ആശ്രയിക്കുന്നത് ഐക്യമല്ല, മറിച്ച് ഭിന്നിപ്പാണ് ഉണ്ടാക്കുക.

വിവേകമുള്ള ഒരാൾ യഹൂദരിലോ മുശ്‌രിക്കുകളിലോ ഇത്തരം കക്ഷിവാദികളിലോ വിശ്വാസമർപ്പിക്കുകയില്ല. അവരോടുള്ള ഇടപാടുകൾ ഭരണാധികാരികളിൽ നിക്ഷിപ്തമായ രാഷ്ട്രീയ കാര്യമാണെന്ന് അയാൾക്കറിയാം. പൊതുനന്മയും സുരക്ഷയും പരിഗണിച്ച് അവർ തീരുമാനങ്ങളെടുക്കും. അതിനാൽ ഭരണാധികാരികളുടെ അധികാരങ്ങളിൽ കൈകടത്താനോ കാര്യങ്ങൾ കുഴപ്പത്തിലാക്കാനോ പാടുള്ളതല്ല."

ചുരുക്കത്തിൽ, ഒന്നിലും പക്ഷം ചേരാതെ യാഥാർഥ്യത്തോടൊപ്പം നിലകൊള്ളുന്നവരെ വഞ്ചകരാണെന്ന് മുദ്രകുത്തിയും സംശയങ്ങൾ ജനിപ്പിച്ചും അവരെ ഇല്ലാത്തൊരു ദ്വന്ദവാദത്തിൽ തളച്ചിടാൻ ശ്രമിക്കുന്നതിനെതിരെ നാം ജാഗ്രത പാലിക്കണം. മതത്തെയും വ്യതിചലിച്ച രാഷ്ട്രീയ പദ്ധതികളെയും തമ്മിൽ വേർതിരിച്ച് കാണാൻ നമുക്ക് സാധിക്കണം. യാഥാർഥ്യങ്ങളെ മറന്നുകൊണ്ട് വെറും മുദ്രാവാക്യങ്ങളിൽ വഞ്ചിതരാകാതിരിക്കുക. സലഫുകളുടെ മൻഹജ് മുറുകെപ്പിടിക്കുകയും, കാര്യങ്ങളെ കൃത്യമായി നോക്കിക്കാണുകയും, വൈകാരികതകൾക്ക് മുന്നിൽ സ്വന്തം ചിന്താശേഷിയെ അടിയറവു പറയാതിരിക്കുകയും ചെയ്യുക എന്നതാണ് ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്.



# കുട്ടിക്കളിയല്ല സോഷ്യൽ മീഡിയ

**വെക്കേഷനോടൊപ്പം ഉച്ചസ്ഥായിലേക്കുയരുന്നതാണ്, പല കുടുംബകങ്ങളിലെയും രക്ഷിതാക്കളും കുട്ടികളും തമ്മിലുള്ള കലഹത്തിൻ്റെ തോത്. മിക്കവാറും സോഷ്യൽമീഡിയ തന്നെയാവും വില്ലൻ. ബോധവൽക്കരണം മാത്രമല്ല, പരിഹാരത്തിന് പ്രായാധിഷ്ഠിത നിയന്ത്രണങ്ങളും അനിവാര്യമാണ്.**

റൈഹാൻ ഷഹീദ്
: 8921259204

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വളർച്ച മനുഷ്യസമൂഹത്തിന് നിരവധി സൗകര്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും അതിന്റെ അനിയന്ത്രിതമായ ഉപയോഗം പുതിയ സാമൂഹിക വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടികളുടെയും കൗമാരക്കാരുടെയും ജീവിതത്തിൽ സോഷ്യൽ മീഡിയയുടെ സ്വാധീനം ഇന്ന് വലിയ ആശയങ്കയാണ് ഉയർത്തുന്നത്. അതിനാൽതന്നെ സോഷ്യൽ മീഡിയ ഉപയോഗത്തിന് പ്രായാധിഷ്ഠിതമായ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചർച്ചകൾ ലോകമെമ്പാടും ശക്തമാകുകയാണ്.

ഇവിടെയാണ് വിസ്ഡം സ്റ്റുഡൻറ്സ് പ്രഖ്യാപിച്ച ‘കുട്ടിക്കളിയല്ല സോഷ്യൽ മീഡിയ’ എന്ന ക്യാമ്പയിൻ പ്രസക്തമാകുന്നത്.

കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടെ ഇന്ത്യയിൽ വലിയൊരു ഡിജിറ്റൽ വിപ്ലവമാണ് സംഭവിച്ചത്. 2000ൽ വെറും 5.5 ദശലക്ഷമായിരുന്ന ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണമെങ്കിൽ ഇന്ന് 83 കോടിയിലധികമായി ഉയർന്നിരിക്കുകയാണ്. ഇതിൽ ശ്രദ്ധേയമായൊരു വിഭാഗം പ്രായപൂർത്തിയാകാത്ത കുട്ടികളാണ്. ലോകത്ത് ഏറ്റവും കൂടുതൽ ഇൻസ്റ്റാഗ്രാം, യൂട്യൂബ് ഉപയോക്താക്കളുള്ള രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയിട്ടുണ്ട്. ഏകദേശം 46 കോടിയിലധികം ആളുകൾ സോഷ്യൽ മീഡിയ സജീവമായി ഉപയോഗിക്കുന്നുവെന്നത് ഈ രംഗത്തിലെ വളർച്ചയുടെ വ്യാപ്തി വ്യക്തമാക്കുന്നു. എന്നാൽ വികസിത രാജ്യങ്ങളിലെപ്പോലെ കർശനമായ പ്രായപരിധി നിയന്ത്രണങ്ങൾ ഇന്ത്യയിൽ ഫലപ്രദമായി നടപ്പിലാക്കപ്പെടുന്നില്ല എന്നതാണ് യാഥാർഥ്യം.

**പ്രായാധിഷ്ഠിത നിയന്ത്രണങ്ങളുടെ ആവശ്യകത**


കളിപ്പാട്ടങ്ങൾ മുതൽ ഇലക്ട്രോണിക് ഉപകരണങ്ങൾ വരെ, ഇന്ന് വിപണിയിൽ ലഭ്യമായ പല വസ്തുക്കൾക്കും പ്രായപരിധി വ്യക്തമാക്കാറുണ്ട്. Age 1+, 3+, 10+, 18+ എന്നിങ്ങനെ പ്രായത്തിന് അനുയോജ്യമായ നിയന്ത്രണങ്ങൾ നിശ്ചയിച്ചിരിക്കുന്നു. എന്നാൽ കുട്ടികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന മൊബൈൽ ഫോണിനും അതിലൂടെ ലഭ്യമാകുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കും അത്തരമൊരു നിയന്ത്രണം പ്രായോഗികമായി നിലവിലില്ല. ഈ വൈരുധ്യമാണ് ഇന്ന് ഗൗരവമായ ചർച്ച ആവശ്യപ്പെടുന്നത്.

മൊബൈൽ ഫോൺ എന്ന ഉപകരണത്തെയല്ല, മറിച്ച് അതിലൂടെ ഉപയോഗിക്കുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളെയാണ് നിയന്ത്രണത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടത് എന്നതാണ് ശ്രദ്ധിക്കേണ്ട കാര്യം. കാരണം പ്രശ്നത്തിന്റെ കേന്ദ്രീകൃത ഭാഗം ഉപകരണമല്ല, മറിച്ച് അതിലൂടെ ലഭിക്കുന്ന ഉള്ളടക്കവും ഡിജിറ്റൽ സംസ്കാരവുമാണ്.

**ലോകവ്യാപകമായ ചർച്ച**

ഈ വിഷയത്തിൽ പല രാജ്യങ്ങളും ഇതിനകം തന്നെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിൽ 16 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ ഉപയോഗം നിയന്ത്രിക്കുന്ന നിയമങ്ങൾ അടുത്തിടെ നടപ്പിലാക്കി. കുട്ടികളുടെ സുരക്ഷയും മാനസികാരോഗ്യവും മുൻനിർത്തിയാണ് ഈ നടപടികൾ. ഈ നിയമം ലംഘിച്ച് കുട്ടികൾക്ക് അക്കൗണ്ട് അനുവദിക്കുന്ന സോഷ്യൽ മീഡിയ കമ്പനികൾക്ക് കനത്ത പിഴ ചുമത്തുന്ന വ്യവസ്ഥകളും അവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിലും ഈ വിഷയത്തിൽ ഗൗരവമായ ചർച്ചകൾ ആരംഭിച്ചിരിക്കുകയാണ്. അടുത്തിടെ കർണാടക സർക്കാർ 16 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ ഉപയോഗം നിരോധിക്കുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാന



**കളിപ്പാട്ടങ്ങൾ മുതൽ ഇലക്ട്രോണിക് ഉപകരണങ്ങൾ വരെ, ഇന്ന് വിപണിയിൽ ലഭ്യമായ പല വസ്തുക്കൾക്കും പ്രായപരിധി വ്യക്തമാക്കാറുണ്ട്. Age 1+, 3+, 10+, 18+ എന്നിങ്ങനെ പ്രായത്തിന് അനുയോജ്യമായ നിയന്ത്രണങ്ങൾ നിശ്ചയിച്ചിരിക്കുന്നു. എന്നാൽ കുട്ടികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന മൊബൈൽ ഫോണിനും അതിലൂടെ ലഭ്യമാകുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കും അത്തരമൊരു നിയന്ത്രണം പ്രായോഗികമായി നിലവിലില്ല. ഈ വൈരുധ്യമാണ് ഇന്ന് ഗൗരവമായ ചർച്ച ആവശ്യപ്പെടുന്നത്.**

ബജറ്റ് അവതരണത്തിനിടയിൽ മുഖ്യമന്ത്രിയായ സിദ്ധരാമയ്യയാണ് ഈ തീരുമാനം അറിയിച്ചത്.

കുട്ടികളുടെ അമിതമായ മൊബൈൽ ഉപയോഗവും സോഷ്യൽ മീഡിയയുടെ ദോഷഫലങ്ങളും നിയന്ത്രിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ആന്ധ്രാപ്രദേശ് സർക്കാരും സമാനമായ നടപടികൾ പരിഗണിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. 13 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ ഉപയോഗം തടയുന്നതിനുള്ള സംവിധാനം 90 ദിവസത്തിനുള്ളിൽ നടപ്പിലാക്കുമെന്ന നിലപാടാണ് അവിടെ ഉയർന്നിരിക്കുന്നത്.

സംസ്ഥാന തലത്തിലുള്ള ഈ നീക്കങ്ങൾ ഇന്ത്യയിൽ കുട്ടികളുടെ ഡിജിറ്റൽ സുരക്ഷയെക്കുറിച്ചുള്ള വലിയ ദേശീയ ചർച്ചകൾക്ക് വഴിയൊരുക്കിയിരിക്കുകയാണ്. കേന്ദ്ര സർക്കാരും ഈ വിഷയത്തിൽ നിയമപരമായ മാർഗങ്ങൾ പരിശോധിക്കണമെന്ന് വിവിധ സംസ്ഥാനങ്ങളും പൊതുസമൂഹവും ആവശ്യപ്പെടുന്ന സാഹചര്യത്തിലാണ് രാജ്യവ്യാപകമായ നയപരമായ ആലോചനകൾ ആരംഭിച്ചിരിക്കുന്നത്. കേരളത്തിലും കഴിഞ്ഞ ദിവസങ്ങളിൽ ഇത് പൊതുചർച്ചയിലെവിഷയങ്ങളിലൊന്നായി മാറിയിട്ടുണ്ട്.



### കുട്ടികളിൽ ഉണ്ടാക്കുന്ന സ്വാധീനം

സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ ഈ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണമാക്കുന്ന ഘടകമാണ്. ഒരിക്കൽ ഒരു പ്രത്യേക തരത്തിലുള്ള വീഡിയോ കണ്ടാൽ അതുപോലുള്ള ഉള്ളടക്കങ്ങൾ വീണ്ടും വീണ്ടും കുട്ടികളുടെ മുന്നിലെത്തിക്കുന്ന രീതിയിലാണ് ഈ സിസ്റ്റങ്ങൾ പ്രവർത്തിക്കുന്നത്. ഇതുവഴി കുട്ടികളുടെ ചിന്താശേഷിയും ലോകത്തെക്കുറിച്ചുള്ള സമതുലിതമായ ധാരണയും ബാധിക്കപ്പെടുന്നു.

അമിതമായ സോഷ്യൽ മീഡിയ ഉപയോഗം കുട്ടികളിൽ സ്വഭാവവൈകൃതങ്ങൾക്കും വഴിവെക്കുന്നുവെന്ന ആശങ്കയും വിദഗ്ധർ ഉന്നയിക്കുന്നു. സ്വയം പ്രദർശനത്തിനും അംഗീകാരത്തിനും വേണ്ടിയുള്ള അതിരില്ലാത്ത ആഗ്രഹം ചിലപ്പോൾ അമിതമായ അഹംഭാവത്തിലും അസ്വസ്ഥമായ മാനസികാവസ്ഥകളിലും കലാശിക്കുന്നു.

ഇതോടൊപ്പം മാനസികാരോഗ്യ പ്രശ്നങ്ങളും വർധിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഉറക്കമില്ലായ്മ, ഉത്കണ്ഠ, വിഷാദം തുടങ്ങിയ പ്രശ്നങ്ങളിലേക്ക് കുട്ടികളെ സോഷ്യൽ മീഡിയ അധീനത തള്ളിവിടുന്ന സാഹചര്യം ഇന്ന് വർധിച്ചുവരുന്നു.

സെൻസർഷിപ്പിന്റെ അഭാവം മറ്റൊരു ഗുരുതര പ്രശ്നമാണ്. സിനിമകൾക്കും ടെലിവിഷൻ പരിപാടികൾക്കും ഉള്ളതുപോലെ സോഷ്യൽ മീഡിയ ഉള്ളടക്കങ്ങൾക്ക് കർശനമായ നിയന്ത്രണ സംവിധാനങ്ങൾ ഇല്ല. ഇതുവഴി അശ്ലീലത, അക്രമം, വിദ്വേഷ പ്രസംഗങ്ങൾ തുടങ്ങിയ ഉള്ളടക്കങ്ങൾ ചെറുപ്പക്കാരുടെ മുന്നിലെത്തുന്നു.

വിപിഎൻ പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് പ്രായപരിധികൾ മറികടക്കാനും വ്യാജ അക്കൗണ്ടുകൾ സൃഷ്ടിക്കാനും കഴിയുന്നത് കുട്ടികളെ അശ്ലീല കണ്ടന്റുകളിലേക്കും അപകടകരമായ ആശയങ്ങളിലേക്കും എളുപ്പത്തിൽ എത്തിക്കുന്നു. ഇതിന്റെ ദോഷഫലങ്ങൾ അവരുടെ മാനസികവും സാമൂഹികവുമായ വളർച്ചയെ ബാധിക്കുന്നു.

**ഇൻഫ്ളുവൻസർമാരുടെ സ്വാധീനം**

ഡിജിറ്റൽ കാലത്ത് കുട്ടികളുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുന്നത് സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരാണ്. പലപ്പോഴും വിദ്യാഭ്യാസ മൂല്യങ്ങളോ സാമൂഹിക ഉത്തരവാദിത്വമോ ഇല്ലാതെ, കേവലം വ്യാപാര ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നവരാണ് ഇവരിൽ പലരും. ഇതുവഴി അധ്യാപകരുടെയും രക്ഷിതാക്കളുടെയും സ്വാധീനത്തിന് പകരം വിപണിയുടെ സ്വാധീനം കുട്ടികളിൽ ശക്തമാകുന്ന സാഹചര്യം രൂപപ്പെടുന്നു.

**സാങ്കേതികവും നിയമപരവുമായ പരിഹാരങ്ങൾ**

ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നിയമപരവും സാങ്കേതികവുമായ ഇടപെടലുകൾ അനിവാര്യമാണ്. സ്വയം പ്രഖ്യാപനത്തിലൂടെ (Self Declaration) പ്രായം രേഖപ്പെടുത്തുന്ന സംവിധാനത്തിന് പകരം കൃത്യമായ പ്രായനിർണയ സംവിധാനങ്ങൾ കൊണ്ടുവരണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത പ്രായ പരിശോധനയും ബയോമെട്രിക് സംവിധാനങ്ങളും ഇതിനായി ഉപയോഗിക്കാവുന്നതാണ്.




**ഒരിക്കൽ ഒരു പ്രത്യേക തരത്തിലുള്ള വീഡിയോ കണ്ടാൽ അതുപോലുള്ള ഉള്ളടക്കങ്ങൾ വീണ്ടും വീണ്ടും കുട്ടികളുടെ മുന്നിലെത്തിക്കുന്ന രീതിയിലാണ് ഈ സിസ്റ്റങ്ങൾ പ്രവർത്തിക്കുന്നത്. ഇതുവഴി കുട്ടികളുടെ ചിന്താശേഷിയും ലോകത്തെക്കുറിച്ചുള്ള സമതുലിതമായ ധാരണയും ബാധിക്കപ്പെടുന്നു. അമിതമായ സോഷ്യൽ മീഡിയ ഉപയോഗം കുട്ടികളിൽ സ്വഭാവ വൈകൃതങ്ങൾക്കും വഴിവെക്കുന്നുവെന്ന ആശങ്കയും വിദഗ്ധർ ഉന്നയിക്കുന്നു. സ്വയം പ്രദർശനത്തിനും അംഗീകാരത്തിനും വേണ്ടിയുള്ള അതിരില്ലാത്ത ആഗ്രഹം ചിലപ്പോൾ അമിതമായ അഹംഭാവത്തിലും അസ്വസ്ഥമായ മാനസികാവസ്ഥകളിലും കലാശിക്കുന്നു.**

ഇമെയിൽ ഐഡി ഉപയോഗിച്ച് എളുപ്പത്തിൽ അക്കൗണ്ട് തുടങ്ങുന്ന രീതിക്ക് പകരം ഫോൺ നമ്പർ അടിസ്ഥാനമാക്കിയുള്ള സുരക്ഷിതമായ സംവിധാനങ്ങൾ നടപ്പിലാക്കുന്നതും പരിഗണിക്കേണ്ടതാണ്. കൂടാതെ, പ്രായപരിധിക്ക് താഴെയുള്ള ഉപയോക്താക്കളെ തിരിച്ചറിഞ്ഞ് അവരുടെ അക്കൗണ്ടുകൾ നിയന്ത്രിക്കുന്ന സാങ്കേതിക സംവിധാനങ്ങളും പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കേണ്ടതുണ്ട്.

**വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ**

കുട്ടികൾക്ക് ഡിജിറ്റൽ ലോകത്തെക്കുറിച്ചുള്ള ശരിയായ അവബോധം നൽകുന്നതും അത്രതന്നെ പ്രധാനമാണ്. സ്കൂൾ തലത്തിൽ ഡിജിറ്റൽ ഉത്തരവാദിത്തത്തെക്കുറിച്ചുള്ള പഠനവിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. പഠനാവശ്യങ്ങൾക്കായി യൂട്യൂബ് പോലുള്ള പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുമ്പോൾ കുട്ടികൾക്കായി പ്രത്യേകം ഒരുക്കിയ സുരക്ഷാസംവിധാനങ്ങൾ ഉപയോഗിക്കുന്നതും നിർബന്ധമാക്കണം.

**സാമൂഹിക ഉത്തരവാദിത്തം**

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നത് ഒരു കുടുംബത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല; അത് സമൂഹത്തിന്റെയും സർക്കാരിന്റെയും സാങ്കേതിക കമ്പനികളുടെയും കൂട്ടായ ബാധ്യതയാണ്. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന ഘടകമായ സോഷ്യൽ മീഡിയയെക്കുറിച്ച് സമൂഹത്തിൽ ഗൗരവമായ ചർച്ചകൾ നടക്കേണ്ടത് അനിവാര്യമാണ്.

രക്ഷിതാക്കളുടെയും അധ്യാപകരുടെയും വലിയൊരു

വിഭാഗം ഈ വിഷയത്തിൽ നിയന്ത്രണങ്ങൾ വേണമെന്ന് ആവശ്യപ്പെടുന്നുണ്ട്. കുട്ടികളിൽ നിന്ന് ചില എതിർപ്പുകൾ ഉണ്ടാകാമെങ്കിലും, അവരുടെ ഭാവിയെ സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടികളായി ഇതിനെ കാണേണ്ടതുണ്ട്.

**എന്തുകൊണ്ട് 16 വയസ്സ്?**

കൗമാര വികസനത്തെക്കുറിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത്, ഏകദേശം 16 വയസ്സാകുമ്പോഴേക്കും മിക്ക കൗമാരക്കാർക്കും കൂടുതൽ ശക്തമായ വൈകാരിക നിയന്ത്രണവും യുക്തിസഹമായ ചിന്താശേഷിയും വ്യക്തമായ വ്യക്തിത്വബോധവും രൂപപ്പെടാൻ തുടങ്ങുന്നു എന്നതാണ്. അപകടസാധ്യതകൾ തിരിച്ചറിയാനും കൂട്ടുകാരുടെ സമ്മർദം നേരിടാനും വ്യക്തിഗത അതിരുകൾ നിശ്ചയിക്കാനും ഈ പ്രായത്തിൽ കൂടുതൽ കഴിവുണ്ടാകും.

സോഷ്യൽ മീഡിയ പ്രവേശനം 16 വയസ്സുവരെ വൈകിപ്പിക്കുന്നത് കുട്ടികളെ സാങ്കേതിക വിദ്യയിൽനിന്ന് ഒറ്റപ്പെടുത്തുന്നതിനല്ല; മറിച്ച് അത് ബുദ്ധിപൂർവവും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കാൻ അവരെ സജ്ജരാക്കുന്നതിനാണ്.

ജീവിതത്തിലെ മറ്റു പല മേഖലകളിലും നാം ഇതേ യുക്തിയാണ് പിന്തുടരുന്നത്. വാഹനമോടിക്കുന്നതിനും വോട്ട് ചെയ്യുന്നതിനും വിവാഹം കഴിക്കുന്നതിനും പ്രായപരിധി നിശ്ചയിക്കുന്നത് പക്വതയും ഉത്തരവാദിത്തവും ആവശ്യമായതിനാലാണ്. മനുഷ്യന്റെ മനസ്സിനെയും സാമൂഹിക ബന്ധങ്ങളെയും ശക്തമായി സ്വാധീനിക്കുന്ന സോഷ്യൽ മീഡിയയ്ക്കും അതേ

**കൗമാര വികസനത്തെക്കുറിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത്, ഏകദേശം 16 വയസ്സാകുമ്പോഴേക്കും മിക്ക കൗമാരക്കാർക്കും കൂടുതൽ ശക്തമായ വൈകാരിക നിയന്ത്രണവും യുക്തിസഹമായ ചിന്താശേഷിയും വ്യക്തമായ വ്യക്തിത്വബോധവും രൂപപ്പെടാൻ തുടങ്ങുന്നു എന്നതാണ്. അപകടസാധ്യതകൾ തിരിച്ചറിയാനും കൂട്ടുകാരുടെ സമ്മർദം നേരിടാനും വ്യക്തിഗത അതിരുകൾ നിശ്ചയിക്കാനും ഈ പ്രായത്തിൽ കൂടുതൽ കഴിവുണ്ടാകും. സോഷ്യൽ മീഡിയ പ്രവേശനം 16 വയസ്സുവരെ വൈകിപ്പിക്കുന്നത് കുട്ടികളെ സാങ്കേതിക വിദ്യയിൽനിന്ന് ഒറ്റപ്പെടുത്തുന്നതിനല്ല; മറിച്ച് അത് ബുദ്ധിപൂർവവും ഉത്തരവാദിത്തത്തോടെയും ഉപയോഗിക്കാൻ അവരെ സജ്ജരാക്കുന്നതിനാണ്.**



ജാഗ്രത ആവശ്യമാണ്.

**ഈ പരിഷ്കരണം എന്താണ് നിർദേശിക്കുന്നത്?**

ഈ പരിഷ്കരണം ചില അടിസ്ഥാന തത്ത്വങ്ങളെ മുന്നോട്ടു വയ്ക്കുന്നു:

1) പൊതു പോസ്റ്റിംഗ്, സന്ദേശമയയ്ക്കൽ, പ്രൊഫൈൽ സൃഷ്ടിക്കൽ എന്നിവ അനുവദിക്കുന്ന പ്രധാന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വ്യക്തിഗത അക്കൗണ്ടുകൾ അനുവദിക്കരുത്.

2) ഈ നിയന്ത്രണത്തിന്റെ പേരിൽ കുട്ടികളെയോ മാതാപിതാക്കളെയോ കുറ്റവാളികളാക്കരുത്. പ്രായപൂർത്തിയാകാത്തവരുടെ അക്കൗണ്ടുകൾ തടയേണ്ട ഉത്തരവാദിത്തം സോഷ്യൽ മീഡിയ കമ്പനികൾക്കാണ്.

3) ഉപയോക്താക്കളുടെ സ്വകാര്യതയെ മാനിക്കുകയും കുട്ടികളുടെ മേൽ അനാവശ്യ നിരീക്ഷണം സൃഷ്ടിക്കാതിരിക്കുകയും ചെയ്യുന്ന രീതിയിലുള്ള കൃത്യമായ പ്രായപരിശോധന സംവിധാ

നം നിർബന്ധമാക്കണം.

4) ഒരു കുട്ടിക്ക് 16 വയസ്സ് തികയുമ്പോൾ അക്കൗണ്ട് ഉപയോഗിക്കാൻ വ്യക്തമായ മാർഗങ്ങൾ ഉണ്ടായിരിക്കണം.

5) സ്കൂളുകൾ ഉപയോഗിക്കുന്ന വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകൾക്കും മേൽനോട്ടത്തിലുള്ള പഠന ഉപകരണങ്ങൾക്കും ആവശ്യമായ ഇളവുകൾ നൽകണം.

**പരിഷ്കരണത്തോടൊപ്പം വേണ്ട നടപടികൾ**

ഈ നിയന്ത്രണം ഫലപ്രദമാകാൻ അതിനൊപ്പം ചില പിന്തുണ നടപടികളും അനിവാര്യമാണ്.

*1. ഡിജിറ്റൽ സാക്ഷരതാവിദ്യാഭ്യാസം*

കുട്ടികൾ സാങ്കേതികവിദ്യ ഉപയോഗിക്കാൻ തുടങ്ങുന്നതിനു മുമ്പ് അതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കണം. സ്കൂളുകളിൽ വിമർശനാത്മക ചിന്ത, മാധ്യമ സാക്ഷരത, ഓൺലൈൻ സുരക്ഷ, നിയന്ത്രണം, ആരോഗ്യകരമായ സ്ക്രീൻ ശീലങ്ങൾ എന്നിവ പഠിപ്പിക്കപ്പെടണം. അൽഗോരിതങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു, തെറ്റായ വിവരങ്ങൾ എങ്ങനെ പ്രചരിക്കുന്നു, ഡിജിറ്റൽ ഫുട്പ്രിന്റ് എന്താണ് തുടങ്ങിയ കാര്യങ്ങൾ കുട്ടികൾ മനസ്സിലാക്കേണ്ടതാണ്.

*2. മാതാപിതാക്കളുടെ പിന്തുണ*

ഈ വിഷയത്തിൽ രക്ഷിതാക്കൾക്ക് കുറ്റപ്പെടുത്തലല്ല, മാർഗനിർദേശമാണ് ആവശ്യം. വർക്ക്ഷോപ്പുകൾ, ടൂൾകിറ്റുകൾ, ഹെൽപ്പ്ലൈനുകൾ എന്നിവ കുടുംബങ്ങൾക്ക് സഹായകരമാകും. പല രക്ഷിതാക്കളും ഡിജിറ്റൽ ലോകത്തിന്റെ അപകടങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെ ആശങ്ക അനുഭവിക്കുന്ന സാഹചര്യത്തിലാണ്.

*3. മാനസികാരോഗ്യ പിന്തുണ*

ഓൺലൈൻ അപകടങ്ങൾ കുട്ടികളെ മാനസികമായി ബാധിക്കുന്ന സാഹചര്യങ്ങൾ വർധിച്ചുവരികയാണ്. സ്കൂൾ കൗൺസിലർമാർ, കമ്യൂണിറ്റി മാനസികാരോഗ്യ സേവനങ്ങൾ, രഹസ്യപിന്തുണ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നത് അത്യാവശ്യമാണ്. പ്രശ്നങ്ങൾ ഗുരുതരമാകുന്നതിനു മുമ്പ് ഇടപെടൽ നടത്തുന്നത് കുട്ടികളുടെ ദീർഘകാല ക്ഷേമത്തിന് സഹായകമാകും.

*4. സുരക്ഷിതമായ ബദൽ ഇടങ്ങൾ*

കുട്ടികൾക്ക് സൃഷ്ടിക്കാനും പഠിക്കാനും സഹകരിക്കാനും സുരക്ഷിതമായ ഡിജിറ്റൽ ഇടങ്ങൾ ആവശ്യമാണ്. പഠനത്തിനും സർഗാത്മകതയ്ക്കും സഹകരണത്തിനുമായി മേൽനോട്ടത്തിലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഒരുക്കിയാൽ, ദോഷകരമായ സോഷ്യൽ മീഡിയ അന്തരീക്ഷത്തിലേക്ക് പോകാതെ തന്നെ അവരുടെ കഴിവുകൾ വളരാൻ സഹായിക്കും.

*5. കേരളത്തിനുള്ള നേട്ടങ്ങൾ*

സോഷ്യൽ മീഡിയ പ്രവേശനം 16 വയസ്സ് വരെ വൈകിപ്പിക്കുന്നതുകൊണ്ട് സമൂഹത്തിന് നിരവധി നേട്ടങ്ങൾ നൽകാൻ കഴിയും.

- കുട്ടികളുടെ മാനസികാരോഗ്യവും വൈകാരിക ക്ഷേമവും മെച്ചപ്പെടും.
- ഉറക്കത്തിന്റെ ഗുണമേന്മയും ഏകാഗ്രതയും വർധിച്ച് അക്കാദമിക് പ്രകടനം മെച്ചപ്പെടും .
- സൈബർ ബുള്ളിയിംഗും ഓൺലൈൻ ചൂഷണവും കുറയും.
- കുടുംബബന്ധങ്ങളും നേരിട്ടുള്ള സൗഹൃദങ്ങളും കൂടുതൽ ശക്തമാകും.
- സോഷ്യൽ മീഡിയയിലേക്ക് ആസക്തിയോടെയല്ലാതെ, ബോധപൂർവമായ സമീപനത്തോടെ പ്രവേശിക്കുന്ന ഒരു തലമുറ വളരും.
- ദീർഘകാലത്തിൽ യുവാക്കളിൽ കാണുന്ന മാനസികാരോഗ്യ പ്രതിസന്ധികൾ കുറയാനും ഇത് സഹായിക്കും.

**ചില ആശങ്കകൾ**

ഈ നിർദേശങ്ങളെക്കുറിച്ച് ചില ആശങ്കകൾ ഉയരാൻ സാധ്യതയുണ്ട്:

*1. കുട്ടികൾ നിയമങ്ങൾ മറികടക്കുമോ?*

ഒരു സംവിധാനവും പൂർണമായും പിഴവില്ലാത്തതല്ല. എന്നാൽ നിയമങ്ങൾ സാമൂഹിക മാനദണ്ഡങ്ങൾ രൂപപ്പെടുത്തുന്നു. സീറ്റ് ബെൽറ്റ് നിയമം എല്ലാ അപകടങ്ങളും തടയില്ലെങ്കിലും അത് അനവധി ജീവൻ രക്ഷിച്ചിട്ടുണ്ട്. അതുപോലെ വ്യക്തമായ പ്രായപരിധി നിയമം കുട്ടികളുടെ ആദ്യകാല സോഷ്യൽ മീഡിയ എക്സ്പോഷർ ഗണ്യമായി കുറയ്ക്കാൻ സഹായിക്കും.

*2. ഇത് സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതാണോ?*

തയ്യാറെടുപ്പില്ലാത്ത സ്വാതന്ത്ര്യം പലപ്പോഴും അപകടത്തിലേക്ക് നയിക്കുന്നു. കുട്ടികളെ

സംരക്ഷിക്കുന്നത് അവരുടെ സ്വാതന്ത്ര്യം ഇല്ലാതാക്കുന്നതല്ല, മറിച്ച് ഉത്തരവാദിത്ത ത്തോടെ വളരാൻ അവരെ സഹായിക്കുന്ന നടപടിയാണ്.

ആധുനിക ബാല്യത്തെ ഏറ്റവും ശക്ത മായി സ്വാധീനിക്കുന്ന ഘടകങ്ങളിൽ ഒന്നാ ണ് സോഷ്യൽ മീഡിയ. അതിന്റെ ദോഷഫ ലങ്ങളെ അവഗണിക്കാൻ ഇനി സാധ്യമല്ല. സാമൂഹിക പരിഷ്കരണങ്ങളിലും വിദ്യാ ഭ്യാസ പുരോഗതിയിലും മനുഷ്യവികസ നത്തിലും കേരളം എപ്പോഴും മാതൃകയാ യിട്ടുണ്ട്.

സോഷ്യൽ മീഡിയ പ്രവേശനം 16 വയ സ്സ് വരെ വൈകിപ്പിക്കുകയും അതിനൊപ്പം വിദ്യാഭ്യാസം, മാനസികാരോഗ്യ പിന്തുണ, കുടുംബ ബോധവത്കരണം എന്നിവ ശക്തിപ്പെടുത്തുകയും ചെയ്താൽ, നമ്മുടെ കുട്ടികളുടെ ബാല്യം കൂടുതൽ സുരക്ഷി തമാക്കാൻ സാധിക്കും. അതിലൂടെ കൂടു തൽ ആത്മവിശ്വാസമുള്ളതും ബോധമുള്ള തും മാനസികമായി ശക്തമായതുമായ ഒരു തലമുറയെ വളർത്താൻ നമുക്ക് കഴിയും.

ഈ പരിഷ്കരണം കുട്ടികൾക്കെതിര ല്ല; അവരുടെ നല്ല ഭാവിക്കായുള്ളതാണ്. കോർപ്പറേറ്റ് ലാഭത്തെക്കാളും ഡിജിറ്റൽ ശബ്ദത്തെക്കാളും കുട്ടികളുടെ മനസ്സും സമയവും അന്തസ്സും വിലപ്പെട്ടതാണെ ന്നുള്ളപ്രഖ്യാപനവും വാഗ്ദാനവുമാണത്.

ഡിജിറ്റൽ ലോകം അനന്തമായ സാധ്യ തകൾ തുറക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ പുരോഗതിയോ ടൊപ്പം ഉത്തരവാദിത്തവും ഉണ്ടാകണം. കുട്ടികളുടെ ബാല്യം സംരക്ഷിക്കുകയും അവരുടെ മാനസികവും സാമൂഹികവുമായ വളർച്ച ഉറപ്പാക്കുകയും ചെയ്യുക എന്നത് സമൂഹത്തിന്റെ കൂട്ടായ ബാധ്യതയാണ്. അതിനായി സോഷ്യൽ മീഡിയ ഉപയോ ഗത്തിന് യുക്തമായ പ്രായപരിധി നിശ്ചയി ക്കുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. 'കുട്ടിക്കളിയല്ല സോഷ്യൽ മീഡിയ' എന്ന സന്ദേശം ഒരു മുദ്രാവാക്യം മാത്രമല്ല, അത് സമൂഹം ഏറ്റെടുക്കേണ്ട ഒരു ഉത്തരവാദി ത്തവുമാണ്. ■



പ്രതിചേർക്കപ്പെട്ടവന്റെ തലയിൽ തൊപ്പിയും മുഖത്ത് താടിയുമുള്ളതിനാലായിരിക്കാം അവൻ ചെയ്ത തെറ്റിനെ ഇസ്‌ലാമിന്റെ തലയിൽ കെട്ടിവയ്ക്കുന്നത്! അക്യുപങ്ചർ ചികിത്സയും ഏതു രോഗം വന്നാലും മറ്റു ചികിത്സകൾ നടത്താതിരിക്കലും ഇസ്‌ലാം പഠിപ്പിക്കുന്നതല്ല എന്നിരിക്കെ എങ്ങനെ യാണ് ഇസ്‌ലാം പ്രതിയാകുന്നത്?

# ചികിത്സ നിഷേധിക്കൽ ഇസ്‌ലാമികമോ?

നസീമ വാടാനപ്പള്ളി

രോഗം എന്നത് അല്ലാഹുവിന്റെ കഴിവിലും വിധിയിലും സൃഷ്ടിപ്പിലും പെട്ട കാര്യ മാണ്. രോഗം ബാധിച്ചാൽ രോഗശമനം നൽകുന്ന തും അല്ലാഹുവാണ്. "എനിക്ക് രോഗം ബാധിച്ചാൽ അവനാണ് (അല്ലാഹുവാണ്) എന്നെ സുഖപ്പെടു ത്തുന്നത്" (ക്വുർആൻ:26:80). എല്ലാ രോഗങ്ങൾക്കും അല്ലാഹു മരുന്ന് നിശ്ചയിച്ചിട്ടുണ്ട്. അബൂഹുറയ്റ(റ) യിൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: "അല്ലാ ഹു ഒരു രോഗവും ഇറക്കിയിട്ടില്ല; അതിനുള്ള ഒരു മരുന്നും ഇറക്കിയിട്ടല്ലാതെ" (ബുഖാരി:5678).

ഏതെങ്കിലും രോഗത്തിന് മരുന്ന് കണ്ടുപിടിച്ചി ട്ടില്ലെങ്കിൽ ആ രോഗത്തിന് മരുന്നില്ല എന്നല്ല; പ്ര ത്യുത, ആ മരുന്ന് ഇപ്പോൾ കണ്ടുപിടിച്ചിട്ടില്ല എന്നാ ണ് അർഥം.


രോഗം വന്നാൽ ചികിത്സിക്കാത്ത ചില മതവി ശ്വാസികളും ലോകത്തുണ്ട്. 'ദൈവം തന്നത് ദൈവം തന്നെ മാറ്റട്ടെ' എന്നാണ് അവരുടെ 'ന്യായം!' സ്വൂ ഫികളും ചില ത്വരീഖത്ത് പ്രസ്ഥാനക്കാരും ഇതേ കാര്യം ജനങ്ങളെ പറഞ്ഞ് പഠിപ്പിക്കുന്നുണ്ട്. വാസ്ത വത്തിൽ, അല്ലാഹു ഒരു കാര്യം നേടുവാൻ വേണ്ടി നിശ്ചയിച്ച് തന്നിട്ടുള്ള മാർഗങ്ങളെ സമീപിക്കുക എന്നത് തവക്കുലിന് എതിരല്ല. അല്ലാഹു നമ്മോട്

ചെയ്യാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം വളരെ കൃത്യമായി നിർവഹിച്ചതിന് ശേഷമാണ് അല്ലാഹുവിൽ ഭരമേൽപിക്കേണ്ടത്.

അലോപ്പതി, ആയുർവേദം, ഹോമിയോ, യൂനാനി...തുടങ്ങി വിവിധതരം ചികിൽസകൾ ലോകത്ത് നിലവിലുണ്ട്. ഹിജാമ, അക്യുപങ്ചർ, ഉഴിച്ചിൽ തുടങ്ങിയ പല രീതികളും രോഗശമനത്തിനായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഓരോന്നിലും ചികിത്സാരീതികളും മരുന്നുകളുടെ നിർമാണവും വ്യത്യസ്തമാണ്. ഹറാമല്ലാത്ത, ഉപകാരമുള്ള ഏത് ചികിത്സാരീതിയും സ്വീകരിക്കുന്നതിന് ഇസ്‌ലാം എതിരല്ല. എന്നാൽ വർത്തമാന കാലത്ത് വ്യാജ ചികിത്സ നടത്തി ജനങ്ങളെ ചൂഷണം ചെയ്യുകയും അപകടത്തിൽ പെടുത്തുകയും ചെയ്യുന്ന ചികിത്സകരുണ്ട്. അതിൽ ആത്മീയതയുടെ പേരിൽ തട്ടിപ്പ് നടത്തുന്നവരുമുണ്ട്. ഓൺലൈൻ പരസ്യങ്ങളിലൂടെയാണ് ഇത്തരക്കാർ കൂടുതലായും ഇരകളെ കണ്ടെത്തുന്നത്.

തൃശൂർ ജില്ലയിലെ ചാവക്കാട് എടക്കഴിയൂർ പ്രദേശത്തെ മുഹ്സിന എന്ന യുവതിയുടെ മരണം വലിയ ചർച്ചാവിഷയമാണിപ്പോൾ. മുതുകിലും രഹസ്യഭാഗത്തുമൊക്കെ അണുബാധയുണ്ടായി ദുർഗന്ധത്തോടെയും പുഴുവരിക്കുന്ന നിലയിലുമാണ് അവരെ ആസുപത്രിയിൽ എത്തിച്ചതെന്നാണ് വാർത്ത. വീട്ടിലെ പ്രസവവും അക്യുപങ്ചർ ചികിത്സയുമാണ് മരണകാരണമെന്നു പറഞ്ഞ് പെൺകുട്ടിയുടെ വീട്ടുകാർ കേസു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ പൊലീസ് കേസെടുക്കുകയും ഭർത്താവ് ഇബ്രാഹീമിനെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഈ വാർത്ത വന്ന ചാനലുകളുടെ കമന്റ് ബോക്സുകളിൽ നിറഞ്ഞു നിൽക്കുന്നത് ഇസ്‌ലാം വിരുദ്ധതയാണ് എന്നത് ഇസ്‌ലാമോഫോബിയ സമൂഹത്തെ എത്രമാത്രം ഗ്രസിച്ചിരിക്കുന്നു എന്നതിന്റെ അടയാളമാണ്. 95 ശതമാനം കമന്റുകളും ഇസ്‌ലാമിനെ പ്രതിചേർത്തുകൊണ്ടായിരുന്നു. എന്തിനേറെ, മതപഠനം നിർത്തലാക്കണം എന്നുപോലും പ്രതികരിച്ചവരുണ്ട്.



പ്രതിചേർക്കപ്പെട്ടവന്റെ തലയിൽ തൊപ്പിയും മുഖത്ത് താടിയുമുള്ളതിനാലായിരിക്കാം അവൻ ചെയ്ത തെറ്റിനെ ഇസ്‌ലാമിന്റെ തലയിൽ കെട്ടിവയ്ക്കുന്നത്! അക്യുപങ്ചർ ചികിത്സയും ഏതു രോഗം വന്നാലും മറ്റു ചികിത്സകൾ നടത്താതിരിക്കലും ഇസ്‌ലാം പഠിപ്പിക്കുന്നതല്ല എന്നിരിക്കെ എങ്ങനെയാണ് ഇസ്‌ലാം പ്രതിയാകുന്നത്?

പല രോഗങ്ങൾക്കും ശമനം നൽകുവാൻ അക്യുപങ്ചർ മുഖേന സാധിക്കുമെന്നത് തെളിയിക്കപ്പെട്ടതാണ്. എന്നാൽ ഇന്ന് ആ രംഗത്തുള്ള അധികപേരും അത് ശരിയാംവണ്ണം പഠിക്കാത്തവരാണ്. അവർ രോഗികളോട് മരുന്നുകളെല്ലാം നിർത്തിവയ്ക്കാൻ പറയുന്നത് മുഖേന വലിയ അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

പ്രസവമെന്നത് ഒരു രോഗമല്ല. എന്നാൽ അത് അതിസങ്കീർണമായ പ്രക്രിയയാണ്. അതിനെക്കു റിച്ചുള്ള അറിവും അനുഭവസമ്പത്തുമുള്ളവർക്കേ അത് കൈകാര്യം ചെയ്യാനാകൂ. വീട്ടിൽ പ്രസവമെടുക്കുന്നത് പൊതുജനാരോഗ്യ നിയമവകുപ്പ്, ഭാരതീയ ന്യായസംഹിത എന്നിവ പ്രകാരം ശിക്ഷാനടപടിക്ക് വിധേയമാകുന്ന നിയമലംഘനമാണ്. വിശ്വാസികൾ നിയമലംഘനം നടത്തുന്നവരായിക്കൂടാ. മുഹ്സിനയുടെ വിഷയത്തിൽ, അവരുടെ നിർബന്ധത്തിന് വഴങ്ങിയാണെങ്കിൽ പോലും ചികിത്സ നിഷേധിച്ചത് അനിസ്‌ലാമികം തന്നെയാണ്. തന്റെ ഭാര്യ പുഴുവരിക്കുന്ന അവസ്ഥയിലായിരുന്നിട്ടും അയാൾ ചികിത്സ നിഷേധിച്ചത് കടുത്ത അപരാധമാണ്. ■



# ശീഇസവും ‘ആയത്തുല്ലാഹ്,’ ‘ശഹീദ്’ പദവികളും

മൂസ സ്വലാഹി കാര
: 97473 45768

ലോകം അടക്കി ഭരിക്കാമെന്ന് വ്യാമോഹിക്കുന്ന സാമ്രാജ്യത്വശക്തി അമേരിക്കയും അധിനിവേശ ശക്തിയായ സയണിസ്റ്റ് ഇസ്രായേലും ശുദ്ധ ശിയാരാജ്യമായ ഇറാനും പല കാരണങ്ങളാലും യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. 1989 മുതൽ ഇറാനിന്റെ തലവനും ശിയാ ആത്മീയ നേതാവുമായ ഖാംനഈ യുദ്ധത്തിനിടെ കൊല്ലപ്പെടുകയുണ്ടായി.

ഇസ്‌ലാമിനോട് കടുത്ത വിരോധം പരസ്യമാക്കിയവരാണ് മൂന്ന് രാജ്യക്കാരും. ഇസ്‌ലാമിന്റെ പേരിൽ അറിയപ്പെടുന്ന, എന്നാൽ യഥാർഥ ഇസ്‌ലാമിനെ ശത്രുപക്ഷത്ത് കാണുന്ന ശിയാക്കളെ പുകഴ്ത്തൽ അഹലുസ്സുന്നയുടെ നയമല്ല. ഈ നിലപാട് ചൂണ്ടിക്കാട്ടി വിമർശിക്കുന്നവർ ജൂത, ശിയാ വിഭാഗങ്ങളെ അനുമോദിക്കുകയും ഇസ്‌ലാമിന്റെ മഹത്ത്വത്തെ അവമതിക്കുകയുമാണ് ചെയ്യുന്നത്.

കലാപം നടത്തിയും വിപ്ലവത്തിലൂടെയും ആധിപത്യം നേടേണ്ട മതമാണ് ഇസ്‌ലാമെന്നത് ഖുമൈനിയൻ സിദ്ധാന്തമാണ്. അതിരുവിട്ട വാദങ്ങൾ നടത്തിയ, അതിനായി പ്രമാണ ദുർവ്യാഖ്യാനം ചെയ്ത വ്യക്തിയാണ് സയ്യിദ് ഖുതുബ്. ഇവരുടെ ആശയങ്ങളെ സ്വാംശീകരിച്ച വ്യക്തിയായിരുന്നു കൊല്ലപ്പെട്ട ഇറാൻ നേതാവ് ഖാംനഈ. അതിനാൽ ഖുമൈനിയുടെയും സയ്യിദ് ഖുതുബിന്റെയും ആശയങ്ങളെ ആവാഹിച്ച് ജീവിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ ഇറാനെ പരിശുദ്ധ രാജ്യവും ഖാംനഈയെ വിശുദ്ധ നേതാവുമായിട്ടാണ് കാണുന്നത്! അവർ എഴുതിയത് കാണുക:

“ആയത്തുല്ലാ ഖുമൈനിയുടെ മരണശേഷം 1989ൽ ഇറാന്റെ പരമോന്നത നേതാവായി ചുമതലയേറ്റത് മുതൽ ഇറാന്റെ കേന്ദ്രസ്ഥാന

**കലാപം നടത്തിയും വിപ്ലവത്തിലൂടെയും ആധിപത്യം നേടേണ്ട മതമാണ് ഇസ്‌ലാമെന്നത് ഖുമൈനിയൻ സിദ്ധാന്തമാണ്. അതിരുവിട്ട വാദങ്ങൾ നടത്തിയ, അതിനായി പ്രമാണ ദുർവ്യാഖ്യാനം ചെയ്ത വ്യക്തിയാണ് സയ്യിദ് ഖുതുബ്. ഇവരുടെ ആശയങ്ങളെ സ്വാംശീകരിച്ച വ്യക്തിയായിരുന്നു കൊല്ലപ്പെട്ട ഇറാൻ നേതാവ് ഖാംനഈ. അതിനാൽ ഖുമൈനിയുടെയും സയ്യിദ് ഖുതുബിന്റെയും ആശയങ്ങളെ ആവാഹിച്ച് ജീവിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ ഇറാനെ പരിശുദ്ധ രാജ്യവും ഖാംനഈയെ വിശുദ്ധ നേതാവുമായിട്ടാണ് കാണുന്നത്!**

ത്തുണ്ടായിരുന്നത് ഖാംനഈയാണ്. വിലായത്തുൽ ഫഖീഹ് എന്ന ശീഈ മതസംജ്ഞയെ വികസിപ്പിച്ചപ്പോൾ പരമോന്നത നേതാവിന് നൽകപ്പെട്ടത് വിപുലമായ അധികാരങ്ങൾ" (പ്രബോധനം/2026 മാർച്ച് 13/പേജ് 11).

"ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം സയ്യിദ് ഖുത്വുബിന്റെ രണ്ട് പുസ്തകങ്ങൾ (ഭാവി ഈ മതത്തിന്, ഇസ്‌ലാമും നാഗരികതയുടെ പ്രശ്നങ്ങളും) അറബിയിൽനിന്ന് പാർസിയിലേക്ക് വിവർത്തനം ചെയ്തത് ഖാംനഈയാണ്. സാംസ്കാരിക അധിനിവേശം പോലുള്ള പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ കടന്നുവരുന്നത് സയ്യിദ് ഖുത്വുബ് ആശയപരമായി സ്വാധീനിച്ചതുകൊണ്ട് കൂടിയാകാം" (പ്രബോധനം/2026 മാർച്ച് 13/പേജ് 12).

ശിയാ സമൂഹത്തിലെ ഏറ്റവും അപകടകാരികളായ റാഫിളിയാക്കളുടെ(ഇസ്നാ അശരിയ്യ) ആചാരങ്ങളും ആശയങ്ങളും ഇറാനിൽ തളംകെട്ടി നിൽക്കുന്നതിനാൽ അവരുടെ പന്ത്രണ്ട് ഇമാമുമാരോടും ആശയങ്ങളിൽ മിക്കതിനോടും താദാത്മ്യം പുലർത്തുന്ന സമസ്തക്കാർക്കും ഇറാൻ ശിയാക്കൾ വേണ്ടപ്പെട്ടവർ തന്നെയാണ്! സമസ്തയുടെ സ്വന്തക്കാരനായ സി. ഹംസ ശിയാക്കളുടെ തീവ്രനിലപാടുകൾ നിറഞ്ഞ പുസ്തകങ്ങൾ മലയാളത്തിലേക്ക് മാറ്റുന്നയാളും ഇറാനിന്റെ ഉത്തരവാദിത്തത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന തഖ്‌ലയ്ൻ ഫൗണ്ടേഷന്റെ കാര്യക്കാരനും ഖുമൈനി-ഖാംനഈ ചിന്തകൾ പേറുന്ന വ്യക്തികൂടിയാണ്.

1985ൽ പ്രത്യേക ക്ഷണിതാവായി ഇയാൾ ഇറാൻ പാർലമെന്റിൽ പങ്കെടുത്തിട്ടുണ്ട്. 2018 ഒക്ടോബർ രണ്ടാം ലക്കം 'കേരളനാട്' സി. ഹംസയെ പരിചയപ്പെടുത്തിയത് 'ആയത്തുല്ല ഖുമൈനിയുമായി കൂടിക്കാഴ്ച നടത്തിയ ഏക മലയാളി' എന്നാണ്.

ഖാംനഈയുമായുള്ള ഇയാളുടെ അടുപ്പം എത്രത്തോളമുണ്ടെന്നത് കൂടി കാണുക: "ഗ്രന്ഥകാരനും പരിഭാഷകനും തമ്മിലുള്ള ബന്ധമായി അതിനെ ചുരുക്കാനാവില്ല. ഒരിക്കൽ പോലും നേരിൽ സംസാരിച്ചിട്ടില്ലെങ്കിലും ഇരുവരും തമ്മിലുള്ള പരിചയത്തിന് നാലര പതിറ്റാണ്ടിന്റെ പഴക്കമുണ്ട്. ഇറാന്റെ മുൻ പരമോന്നത നേതാവും ഖാംനയിയുടെ ഗുരുവുമായിരുന്ന ഖുമൈനിയുടെ ടെഹ്റാനിലെ ഔദ്യോഗിക വസതിയും ഹൈദരാബാദുമെല്ലാം ആ സവിശേഷ ബന്ധത്തിനു പശ്ചാത്തലമായി... 1985ൽ ഇറാൻ വിപ്ലവ വാർഷികത്തിന്റെ ഭാഗമായി ഇന്ത്യയിൽനിന്നു ക്ഷണിക്കപ്പെട്ട അതിഥികളിൽ ഹംസയുമുണ്ടായിരുന്നു. ഇറാൻ പാർലമെന്റായ മജ്‌ലിസിലെ ചടങ്ങിനുശേഷം ഖുമൈനിയുടെ ഔദ്യോഗിക വസതിയിൽ നടന്ന ചർച്ചയിൽ അന്ന് ഇറാൻ പ്രസിഡന്റായ ഖാംനയി എത്തി. നിലത്ത് വിരിച്ച പായയിൽ ഞങ്ങൾക്കൊപ്പമാണ് അദ്ദേഹമിരുന്നത് -ഹംസ പറയുന്നു. അന്നു തൊട്ടടുത്തു കണ്ടെങ്കിലും പരസ്പരം സംസാരിച്ചില്ല... ഇറാൻ അംബാസഡർമാർ കേരളത്തിലെത്തുമ്പോൾ പേർഷ്യൻ ഭാഷയിലുള്ള അവരുടെ പ്രസംഗം ഏറെക്കാലം പരിഭാഷപ്പെടുത്തിയിരുന്നതു ഹംസയാണ്" (മലയാള മനോരമ/2026 മാർച്ച് 2 തിങ്കൾ/പേജ് 3).

ജമാഅത്തെ ഇസ്‌ലാമിയുടെയും സമസ്തയുടെയും പത്രങ്ങൾ ഇറാനിന്റെയും ഖാംനഈയുടെയും 'പ്രശംസമാലകൾ' വേണ്ടുവോളം എഴുതി പ്രതിഫലിപ്പിച്ചിട്ടുണ്ട്.

### ഇറാനിന്റെ ഇന്നും ഇന്നലെയും

നിലവിലെ ഇറാൻ ഇസ്‌ലാമിക രാജ്യവും അവിടെ നടക്കുന്ന യുദ്ധം ഇസ്‌ലാമിക വിപ്ലവവുമാണെന്നാണ് അധിക പേരുടെയും ധാരണ. പാമരജനങ്ങൾ വിശ്വാസപരമായി പറ്റിക്കപ്പെടുന്ന അവസ്ഥയുമുണ്ട്. വിപ്ലവം അഴിച്ചുവിടുക എന്നത് ഇസ്‌ലാമിന്റെ നയമല്ല. ഇറാ

നിലേക്ക് ഇസ്‌ലാം വരുന്നത് വരെ അവിടെ നിലനിന്നിരുന്ന ഔദ്യോഗിക മതക്കാർ മജൂസികളായിരുന്നു.

ഇറാന്റെ ഭൂമിയിൽ വളർന്ന് വലുതായ ക്വുർആൻ വ്യാഖ്യാതിക്കളും ഹദീസ് പണ്ഡിതന്മാരും കർമ ശാസ്ത്ര വിശാരദൻമാരും ഏറെയാണ്. ഇമാം മുസ്‌ലിം (റഹി), ഇമാം ഹാകിം(റ), ഇമാം അബൂനസ്ർ സിറാജ് അത്ത്വൂസി(റഹി), ഇമാം അബൂഹാതിം (റഹി), അബൂസുർഹ (റഹി), ഹാഫിദ് അബൂനുഐം അസ്ബ ഹാനി(റഹി), അബുൽ ക്വാസിം അത്ത്വബ്റാനി(റഹി), ഇമാം അബൂദാവൂദ്(റഹി), ഇമാം ഇബ്നു മാജ(റഹി), ഇമാം റാഫിഈ(റഹി), ഇമാം ബൈദാവി (റഹി), ഇമാം അബൂ ഇസ്ഹാക് ശീറാസി(റഹി), ഇമാം നസാഈ(റഹി), ഇമാം ബൈഹകി(റ), ഇമാം ത്വബ്രി(റ) എന്നിവർ അവരിൽ ഏറെ പ്രസിദ്ധരാണ്.

പത്ത് തലമുറയോളം ഭൂരിപക്ഷവും അഹലുസ്സുന്നയുടെ വഴിയിലായിരുന്ന ഈ രാജ്യത്ത് ഹിജ്റ 906ൽ ശിയാ-സൂഫികൾ അതിക്രൂരമായ അക്രമം നടത്തി അതിന്റെ അധികാരം അവരുടെ ചൊൽപ്പടിയിലാക്കി. ശിയാ വിശ്വാസത്തിന് കീഴ്പ്പെടാൻ ഒരുക്കമില്ലാത്തവരെയെല്ലാം കൊന്നൊടുക്കിയാണ് അവർ ഇറാനിൽ ശിയാ രാഷ്ട്രം പണിതുയർത്തിയത്. ഇസ്‌ലാമിനെ വിപ്ലവ ശൈലിയിൽ അവതരിപ്പിച്ചും അതിന്റെ അടിസ്ഥാനമായ തൗഹീദിനെ കളങ്കപ്പെടുത്തിയും അനാചാരങ്ങളുടെ അകമ്പടിയോടെയും ശിയാക്കൾ പലയിടങ്ങളിലും ശക്തരാകാൻ ശ്രമിച്ചതുപോലെ ഇറാനിലും ശ്രമിച്ചു, അവിടെ ആധിപത്യമുറപ്പിച്ചു.

**പലരും പരിതപിക്കുന്നത് അക്രമിക്കുന്നവരുടെ കൂടെ നിൽക്കുകയല്ലേ വേണ്ടത്, അവരുടെ വിശ്വാസം ചികഞ്ഞ് പരിശോധിക്കുകയല്ലല്ലോ എന്നു പറഞ്ഞാണ്. അന്യായമായി ക്രൂശിക്കപ്പെടുന്നവരുടെ കൂടെ നിൽക്കലും അക്രമികൾക്കെതിരിൽ പ്രാർഥിക്കലും അനിവാര്യമാണ്. അതോടൊപ്പം വിശ്വാസ പരമായുള്ള കേടുപാടുകളെ പരിശോധനാ വിധേയമാക്കുകയും അവിശ്വാസംകൊണ്ട് മുതലെടുക്കാൻ നോക്കുന്നവരെ തുറന്ന് കാണിക്കുകയും വേണം.**

### ഖാംനഈയുടെ യഥാർഥ മുഖം

പുഞ്ചിരിച്ചും അണികളെ അഭിവാദ്യം ചെയ്തും പരിവാരങ്ങൾക്ക് നടുവിലുമായി നിൽക്കുന്ന, പത്രങ്ങളിൽ വന്ന ഫോട്ടോകളിലെ ഖാംനഈയെയാണ് എല്ലാവർക്കും പരിചയം. ഇസ്‌ലാമിക വിരുദ്ധ നയങ്ങൾക്ക് നെടുനായകത്വം വഹിച്ച ഖുമൈനിയുടെ ഉറ്റ പിൻഗാമിയായിരുന്നു അദ്ദേഹമെന്നത് അറിയുന്നവർ വിരളമായിരിക്കും.

“1979ലെ ഇസ്‌ലാമിക വിപ്ലവത്തിന്റെ നട്ടെല്ലായിരുന്ന ഖാംനഈ, വിപ്ലവ നേതാവ് ആയത്തുല്ല ഖുമൈനിയുടെ ഏറ്റവും അടുത്ത അനുയായി ആയിരുന്നു” (ചന്ദ്രിക/2026 മാർച്ച് 2 തിങ്കൾ/പേജ് 5).

ഖവാരിജുകളുടെ പിഴച്ച ചിന്തക്ക് വിപ്ലവമെന്ന് പേരിടുകയും യുവസമൂഹത്തെ തീവ്ര ഭീകരസ്വഭാവങ്ങളിലേക്ക് തിരിച്ച് വിടുകയും ചെയ്ത ഖുമൈനിയെ മാതൃകയാക്കിയ ഖാംനഈ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന നേതാവാകുന്നത് എങ്ങനെയാണ്?

ഉത്തമരായ സ്വഹാബത്തിനെ ചീത്ത പറയുന്നതിൽ പ്രത്യേക പ്രാവീണ്യം നേടി, അതിന് വേണ്ടി ‘അൽ ഖവ്വാസ് വല്ലഹ്ദാത്തുൽ മിസ്രിയ്യ’ എന്ന ഗ്രന്ഥമെഴുതിയ വ്യക്തി കൂടിയാണ് ഖാംനഈ എന്നതും പലർക്കുമറിയില്ല.

അബൂബക്കർ(റ), ഉമർ(റ), ആഇശ(റ), സഅദ് ബിൻ അബീവക്വാസ്(റ), അബൂമൂസൽ അശ്അരി(റ), അബ്ദുല്ലാഹ് ബിൻ ഉമർ(റ), അംറുബ്നുൽ ആസ്(റ), അബ്ദു റഹ്മാൻ ബിൻ ഔഫ്(റ), മുഗീറത്ത് ബിൻ ശുഅ്ബ(റ), ത്വൽഹ(റ), സുബൈർ(റ), അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) എന്നീ പ്രമുഖ സ്വഹാബിമാരെപ്പറ്റി ഭൗതിക മോഹികൾ, രാഷ്ട്രീയം കളിച്ചവർ, ഭിന്നതയുണ്ടാക്കിയവർ, ചതിയന്മാർ, വഞ്ചന കാണിച്ചവർ, കർമങ്ങൾ പൊളിയുന്ന പ്രവർത്തനങ്ങളിലേർപ്പെട്ടവർ എന്നിങ്ങനെയുള്ള തോന്ന്യാസങ്ങൾ ആ പുസ്തകത്തിൽ ഖാംനഈ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. വിശ്വാസി സമൂഹത്തിന് ഇതിനെതിരെ പ്രതികരിക്കാനാവില്ല. സ്വഹാബത്ത് അല്ലാഹുവിന്റെ തൃപ്തി നേടിയവരും മാതൃകായോഗ്യരും ഉത്തമ തലമുറയെന്ന് വിശേഷിപ്പിക്കപ്പെട്ടവരുമാണ്. അല്ലാഹു പറയുന്നു: “മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽനിന്നും ആദ്യമായി മുന്നോട്ട് വന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരി

ക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം" (9:100).

അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ആരാധനയുടെ പ്രധാന ഇനങ്ങളായ പ്രാർഥനയും സഹായ തേട്ടവും ജാറങ്ങളിലും മക്ബറകളിലും സമർപ്പിക്കുകയും അനിസ്‌ലാമിക ആഘോഷങ്ങളും ശകുന വിശ്വാസവും കർബല ദുഃഖാചരണവും അദ്വൈത-അവതാര വാദങ്ങളുമെല്ലാം കൊണ്ടുനടക്കുന്ന നേതാക്കളെ 'ആയത്തുല്ലാഹ്' (അല്ലാഹുവിന്റെ ദൃഷ്ടാന്തം) എന്നു വിശേഷിപ്പിക്കുന്നത് എത്ര വലിയ അപരാധമാണ്!

സ്വഹാബത്തിനെ പരസ്യമായി അസഭ്യം പറഞ്ഞ ഖുമൈനിയോട് ഖാംനഈക്കുള്ള അടുപ്പം ജമാഅത്തുകാർ തുറന്നെഴുതിയത് കാണുക: "ജനമനസ്സുകളെ ഇളക്കിമറിക്കുന്ന പ്രഭാഷണ ചാതുരി ഉണ്ടായിരുന്ന ഖാംനഈ ഖുമൈനിയൻ ആശയങ്ങൾക്ക് പൊതു സ്വീകാര്യത നൽകുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്" (പ്രബോധനം/2026 മാർച്ച് 13/പേജ് 15).

"നാലാം വയസ്സിൽ ഖുർആൻ പഠിച്ചു തുടങ്ങിയ അലി ഖാംനഈ ശൈഖ് ഹാശിം ഖസ്വീനിയടക്കം പണ്ഡിതന്മാരിൽനിന്ന് മതപഠനം നടത്തി. ഖുമ്മിൽ പഠന കാലത്താണ് ആയത്തുല്ല ഖുമൈനിയടക്കം നേതാക്കളുമായി ബന്ധം സ്ഥാപിക്കുന്നത്" (മാധ്യമം/2026 മാർച്ച് 2 തിങ്കൾ/പേജ് 6).

**'ആയത്തുല്ല' വിശേഷണം വസ്തുതാപരമോ?**

ശിയാക്കളുടെ പരമോന്നത നേതാക്കൾക്ക് അവരുടെ അറിവും അധ്വാനവും അടിസ്ഥാനമാക്കി നൽകപ്പെടുന്ന സവിശേഷ സ്ഥാനനാമമാണ് 'ആയത്തുല്ല' എന്നത്. അല്ലാഹുവിങ്കൽ സവിശേഷ സ്ഥാനമുള്ളവർ എന്ന നിലയിലാണ് ജനങ്ങൾ ഇതിലൂടെ മനസ്സിലാക്കുന്നത്.

"2026 ഫെബ്രുവരി 28(റമദാൻ 10)ന് വൈകുന്നേരം അമേരിക്കൻ - ഇസ്രയേൽ സംയുക്ത ആക്രമണത്തിൽ ഇറാനിലെ പരമോന്നത നേതാവ് ആയുത്തുല്ലാ അലി ഖാംനഈ വധിക്കപ്പെട്ടതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിക്കുന്നു" (പ്രബോധനം വാരിക/2026 മാർച്ച് 13/പേജ്10).



ബഹുഭാഷാ പ്രാവീണ്യം നേടിയ വ്യത്യസ്തനാം ഒരു മനുഷ്യൻ

ആയത്തുള്ള ഖുമൈനിയുമായി കൂടിക്കാഴ്ച നടത്തിയ ഏക മലയാളി.

നെല്ലിക്കുത്ത് ഹനീഫ

"ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഏറ്റവും അചഞ്ചലനായ സാമ്രാജ്യത്വ വിരുദ്ധ നായകനും ഇറാൻ ഇസ്‌ലാമിക് റിപ്പബ്ലിക്കിന്റെ പരമോന്നത നേതാവുമായ ആയത്തുല്ല അലി ഖാംനഈയെ യു.എസ് ഇസ്രായേൽ സഖ്യം വധിച്ചു" (മാധ്യമം/2/3/2026 തിങ്കൾ/പേജ്,1)

"ഇറാന്റെ പരമോന്നത ആത്മീയ നേതാവ് ആയത്തുള്ള അലി ഖാംനഇ(86) യു.എസ്-ഇസ്രാഈൽ സംയുക്ത ആക്രമണത്തിൽ കൊല്ലപ്പെട്ടതായി ഔദ്യോഗിക സ്ഥിരീകരണം" (ചന്ദ്രിക/2/3/2026 തിങ്കൾ/പേജ് 1).

"ഇറാനിൽ ഇസ്റാഈലും അമേരിക്കയും നടത്തിയ സംയുക്ത ആക്രമണത്തിൽ ഇറാന്റെ പരമോന്നത നേതാവ് ആയത്തുല്ലാ അലി ഖാംനഇ കൊല്ലപ്പെട്ടിരിക്കുന്നു" (സുപ്രഭാതം/2/3/2026 തിങ്കൾ/പേജ് 6).

മനുഷ്യനെന്ന സൃഷ്ടിയെ കുറിച്ച് മൊത്തത്തിൽ അല്ലാഹുവിന്റെ ദൃഷ്ടാന്തമെന്ന് പറയുന്നത് പ്രശ്നമുള്ളതോ ആരെയെങ്കിലും പ്രത്യേകമാക്കി പ്രശംസിക്കലോ അല്ല. അല്ലാഹു പറയുന്നു: "നിങ്ങളിൽ തന്നെയും (പല ദൃഷ്ടാന്തങ്ങളുണ്ട്.) എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലെ?" (ക്വുർആൻ 51:21).

മനുഷ്യരല്ലാത്ത സൃഷ്ടികളെ സംബന്ധിച്ചും ക്വുർആൻ പഠിപ്പിച്ചത് ദൃഷ്ടാന്തം എന്ന് തന്നെയാണ്. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് വേണ്ടി ഭൂമിയിൽ വ്യത്യസ്ത വർണങ്ങളിൽ അവൻ സൃഷ്ടിച്ചുണ്ടാക്കിതന്നിട്ടുള്ളവയും (അവന്റെ കൽപനയ്ക്ക് വിധേയം തന്നെ). ആലോചിച്ച് മനസ്സിലാക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്"(16:13).

എന്നാൽ ശിയാക്കൾ അവരുടെ അതിര് വിട്ട വാദങ്ങളെ അടിസ്ഥാനമാക്കി തങ്ങളുടെ

നേതാക്കൾക്ക് മാത്രം കൊടുത്ത് വരുന്ന ഈ പേര് ഇസ്‌ലാമിന്റെ പ്രമാണങ്ങൾ പഠിപ്പിച്ചതല്ല. പ്രവാചക മാതൃകയിലോ, ഉത്തമ തലമുറ പകർന്നതിലോ ഉള്ളതുമല്ല. മത വിജ്ഞാനവും പ്രബോധനത്തിന് വേണ്ടിയുള്ള പ്രയത്നവും മാനദണ്ഡമാക്കി ആർക്കും കൊടുക്കാവുന്ന ഒരു പദവിയാണിതെങ്കിൽ ശ്രേഷ്ഠ തലമുറയിലെ പതിനായിരങ്ങൾ അതിന് അർഹരായിട്ടും അങ്ങനെയൊന്നും അറിയപ്പെട്ട് കാണുന്നില്ല.

### ശിയാ നേതാക്കൾ ശഹീദുകളോ?

രക്തസാക്ഷി എന്നത് ഉത്തമമായൊരു സ്ഥാനമാണ്. വിശ്വാസിയായി, അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ വാക്കിന്റെ ഉന്നമനത്തിന് വേണ്ടി പോരാടുന്നവർക്ക് അവൻ നിശ്ചയിച്ച സമ്മാനമാണത്. അബൂ മൂസൽ അശ്അരി(റ)യിൽനിന്ന്; നബി(സ്വ) പറഞ്ഞു: “അല്ലാഹുവിന്റെ വാക്കിന്റെ ഉയർച്ചക്ക് വേണ്ടി പോരാടിയ ഒരാൾ അവന്റെ മാർഗത്തിലാണ്” (ബുഖാരി, മുസ്‌ലിം).

തെറ്റായ വഴികളിലൂടെ സഞ്ചരിക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്നവരെ ശഹീദ് എന്ന് വിശേഷിപ്പിക്കാവതല്ല. ഇസ്‌ലാമികാദർശത്തിന് വിരുദ്ധമായ ആശയങ്ങൾ വച്ചുപുലർത്തുന്ന, അല്ലാഹു തൃപ്തിപ്പെട്ട സ്വഹാബത്തിനെതിരിൽ ശാപ പ്രാർഥന നടത്തുന്ന വിഭാരമാണ് ശിയാക്കൾ. അങ്ങനെയുള്ളവർ കൊല്ലപ്പെട്ടാൽ എങ്ങനെ സ്വർഗപ്രവേശനം ഉറപ്പായ രക്തസാക്ഷികളാകും? കൊല്ലപ്പെട്ട ഖാംനഈയെ സംബന്ധിച്ച് എഴുതിയത് കാണുക:

“ഈ രക്തസാക്ഷ്യത്തെ കൊളോണിയൽ ശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ ഇന്ധനമാക്കി മാറ്റാൻ അദ്ദേഹത്തിന്റെ അനുയായികൾക്ക് കഴിയുമോ?” (പ്രബോധനം/2026 മാർച്ച് 13/പേജ് 17).

“ആയത്തുള്ള സയ്യിദ് അലി ഖാംനഇ. ധൈര്യവും ആത്മാഭിമാനവും മരണത്തിനു മുന്നിലും അപൂർവ മായ നിർഭയത്വവും കൊണ്ട് നിർവചിക്കപ്പെട്ട ജീവിതം. വിശുദ്ധ റമസാനിലെ ആ ധീരരക്തസാക്ഷിത്വം അല്ലാഹു സ്വീകരിക്കുമാറാകട്ടെ”(ചന്ദ്രിക/2026 മാർച്ച് 2 തിങ്കൾ/പേജ് 4).

“ബങ്കറുകളിലോ മറ്റു രഹസ്യ കേന്ദ്രങ്ങളിലോ ഒളിക്കാതെ അദ്ദേഹം ഇസ്‌റാഈൽ നടത്തിയ ബോംബാക്രമണത്തിൽ രാജ്യത്തിന് വേണ്ടി രക്തസാക്ഷിത്വം വരിച്ചു. ഇന്നലെ പുലർച്ചെയാണ് ഇറാൻ ഔദ്യോഗികമായി ഖാംനഇയുടെ രക്തസാക്ഷിത്വം സ്ഥിരീകരിച്ചത്” (സുപ്രഭാതം/2026 മാർച്ച് 2 തിങ്കൾ/പേജ് 8).

ശുഹദാക്കളായ സ്വഹാബത്തിനെ വളരെ മോശമായി നിന്ദിച്ച ഒരാളെ ശഹീദാക്കുന്നത് ആഭാസകരം തന്നെയാണ്!

അബൂഹുറയ്‌റ(റ)യിൽനിന്ന്; നബി(സ്വ) പറഞ്ഞു: “അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവൻ ആരാണെന്ന് ഏറ്റവും അറിയുന്നവൻ അല്ലാഹുവാണ്; നോമ്പെടുക്കുന്നവന്റെയും നമസ്കരിക്കുന്നവന്റെയും അവസ്ഥ പോലെ” (ബുഖാരി, മുസ്‌ലിം).

ഇവരുടെയെല്ലാം പ്രമാണ പരിജ്ഞാനമില്ലായ്മ സമൂഹത്തിനുണ്ടാക്കുന്ന പരിക്ക് തെല്ലൊന്നുമല്ല. ജൂതസൃഷ്ടിയായ ശീഇസത്തിന്റെ അമരക്കാരനെ ശഹീദ് പദവിയിലേക്കുയർത്താൻ എന്ത് ന്യായമാണുള്ളത്?


കവർ സ്റ്റോറി

അബ്ദുർറഹ്മാൻ അയ്യാശ്

അലി ഹുസൈനി ഖാംനഈ (1939- 2026) പൈതൃകവും ബാക്കി വെക്കുന്ന ചോദ്യങ്ങളും

2026 ഫെബ്രുവരി 28(റമദാൻ 10)-ന് വൈകുന്നേരം അമേരിക്കൻ - ഇസ്രയേൽ സംയുക്ത ആക്രമണത്തിൽ ഇറാനിലെ പരമോന്നത നേതാവ് ആയത്തുല്ലാ അലി ഖാംനഈ വധിക്കപ്പെട്ടതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിക്കുന്നു. പിറ്റേന്നാണ് തെഹ്റാൻ ടെലിവിഷൻ വാർത്ത സ്ഥിരീകരിക്കുന്നത്. അലി ഖാംനഈ എന്ന നേതാവ് രൂപപ്പെട്ടതെങ്ങനെ എന്ന് അന്വേഷിക്കുകയാണ് ഈ ലേഖനം.

2025 ആശൂറാംദിനം. കറുത്ത വസ്ത്രങ്ങളണിഞ്ഞ് നൂറ് കണക്കിനാളുകൾ ഹുസൈനിയ നഗരത്തിലൊരു വേദിയിൽ ഒരുമിച്ച് കൂടിയിട്ടുണ്ട്. എന്തോ പ്രതീക്ഷിക്കുന്ന പോലെ എല്ലാവരും നിശ്ശബ്ദരാണ്. പെട്ടെന്ന് കർട്ടൻ വകഞ്ഞു മാറ്റി ഒരു മെലിഞ്ഞ രൂപം പ്രത്യക്ഷപ്പെടുന്നു. കറുത്ത തലപ്പാവിന് ചേരുന്ന മേൽവസ്ത്രം. ചുമലിൽ കഫിയ്യ പുതച്ചിരിക്കുന്നു. അതിന് ഫലസ്തീനിയൻ കഫിയ്യയോട് നല്ല സാദൃശ്യമുണ്ടെങ്കിലും അതിൽ സവിശേഷമായ ഇറാനിയൻ തൊങ്ങലുകളുമുണ്ട്. പതിറ്റാണ്ടുകൾക്ക് മുമ്പുണ്ടായ വധശ്രമത്തിൽ തകർന്ന വലത് കൈ മേൽവസ്ത്രത്തിനടിയിൽ മറച്ചു വെച്ച് ഇടത് കൈ കൊണ്ട് അദ്ദേഹം സദസ്യരെ അഭിവാദ്യം ചെയ്തു. 'ഖാംനഈ, ധീര സ്വതന്ത്ര നേതാവേ, അങ്ങേക്ക്

അലി ഖാംനഈ

സ്വാഗതം.' സദസ്സിൽനിന്ന് ആരവമുയർന്നു. 2025-ജൂണിലുണ്ടായ ഇസ്രയേലി ആക്രമണം കഴിഞ്ഞ് ദിവസങ്ങൾ പിന്നിട്ട ശേഷമായിരുന്നു പൊതുവേദിയിൽ ഖാംനഈയുടെ പ്രത്യക്ഷപ്പെടൽ. ശീഈ മതശാസ്ത്ര പ്രകാരം, നേതാവ് കുറഞ്ഞ കാലത്തേക്ക് പൊതുവേദിയിൽ നിന്ന് മാറിനിൽക്കുന്ന പതിവുണ്ട്. അക്കാലയളവിൽ പരമോന്നത നേതാവിന്റെ സെക്രട്ടറിമാരായിരിക്കും അദ്ദേഹത്തെ പൊതുവേദികളിൽ പ്രതിനിധീകരിക്കുക. 'ഗൈബത്ത് സ്വുഗ് റാ' (ചെറിയ തിരോധാനം) എന്നാണ് ഇതിന് പറയുക. അങ്ങനെ

10 പ്രബോധനം • 1447 റമദാൻ 23

പലരും പരിതപിക്കുന്നത് അക്രമിക്കുന്നവരുടെ കൂടെ നിൽക്കുകയല്ലേ വേണ്ടത്, അവരുടെ വിശ്വാസം ചികഞ്ഞ് പരിശോധിക്കുകയല്ലല്ലോ എന്നു പറഞ്ഞാണ്. അന്യായമായി ക്രൂശിക്കപ്പെടുന്നവരുടെ കൂടെ നിൽക്കലും അക്രമികൾക്കെതിരിൽ പ്രാർഥിക്കലും അനിവാര്യമാണ്. അതോടൊപ്പം വിശ്വാസപരമായുള്ള കേടുപാടുകളെ പരിശോധനാവിധേയമാക്കുകയും അവിശ്വാസംകൊണ്ട് മുതലെടുക്കാൻ നോക്കുന്നവരെ തുറന്ന് കാണിക്കുകയും വേണം. അതൊരിക്കലും വ്യക്തിഹത്യ നടത്തലോ, രാജ്യത്തെ താറടിക്കലോ അല്ല. ഇറാനിലെ സാധാരണക്കാർ കൊല്ലപ്പെടുന്നതിൽ നമുക്ക് പ്രതിഷേധമുണ്ട്, നമ്മളാരും അതിൽ സന്തോഷിക്കുന്നില്ല. ഇറാന്റെ ആക്രമണത്തിൽ ഗൾഫ് നാടുകളിലെ നിരപരാധികൾ കൊല്ലപ്പെടുന്നതും പ്രതിഷേധാർഹം തന്നെയാണ്. ■

# സൂറതുന്നംല്

## ഉറുമ്പ്

(മക്കയില്‍ അവതരിച്ചത്)

അധ്യായം
27

അബ്ദുര്‍റഹ്മാനുബ്‌നു നാസിറുസ്സഅ്ദി
വിവര്‍ത്തനം: ഹാരിസ് ബിന്‍ സലീം
:95444 92089

أَمَّن جَعَلَ الْأَرْضَ قَرَارًا وَجَعَلَ خِلَالَهَا أَنْهَارًا وَجَعَلَ لَهَا رَوَاسِيَ وَجَعَلَ بَيْنَ الْبَحْرَيْنِ حَاجِزًا ۗ أَإِلَٰهٌ مَّعَ اللَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٦١﴾

61 അഥവാ, ഭൂമിയെ നിവാസയോഗ്യമാക്കുകയും, അതിനിടയില്‍ നദികളുണ്ടാക്കുകയും, അതിന് ഉറപ്പ് നല്‍കുന്ന പര്‍വതങ്ങള്‍ ഉണ്ടാക്കുകയും, രണ്ടുതരം ജലാശയങ്ങള്‍ക്കിടയില്‍ ഒരു തടസ്സം ഉണ്ടാക്കുകയും ചെയ്തവനോ? (അതോ അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? അല്ല, അവരില്‍ അധികപേരും അറിയുന്നില്ല.

*61) ബിംബങ്ങളും വിഗ്രഹങ്ങളും എല്ലാ നിലയ്ക്കും അപൂര്‍ണമാണ്. അവയ്‌ക്കൊന്നും ചെയ്യാനാവില്ല. ഉപജീവനം നല്‍കുകയോ ഉപകാരം ചെയ്യുകയോ അവയ്ക്ക് സാധ്യമല്ല. അവരാണോ ഉത്തമം അതോ (ഭൂമിയെ നിവാസയോഗ്യമാക്കുകയും) മനുഷ്യര്‍ക്ക് തങ്ങാനും താമസിക്കാനും കൃഷി ചെയ്യാനും കെട്ടിടങ്ങള്‍ നിര്‍മിക്കാനും പോക്കുവരവുകള്‍ക്കും സാധ്യമാകുന്ന വിധം ഭൂമിയെ സംവിധാനിച്ചവനാണോ ആരാധിക്കപ്പെടാന്‍ നല്ലത്? (അതിനടിയില്‍ നദികള്‍ ഉണ്ടാക്കുകയും) അതായത്, ഭൂമിക്കടിയില്‍ മനുഷ്യര്‍ക്ക് പ്രയോജനപ്പെടുന്ന നദികള്‍ അവരുടെ കൃഷിക്കും മരങ്ങള്‍ക്കും കുടിക്കാനും കാലികളെ കുടിപ്പിക്കാനും സഹായകമാകുന്ന നിലയ്ക്ക് അവന്‍ ഭൂമിയിലുടനീളം നദികള്‍ ഒഴുക്കാന്‍ ഇടയാക്കി. (അതിന് ഉറപ്പു നല്‍കുന്ന പര്‍വതങ്ങള്‍ ഉണ്ടാക്കുകയും ചെയ്തു) ഭൂമിയെ ഉറപ്പിച്ചുനിര്‍ത്തുന്ന പര്‍വതങ്ങള്‍. ഇളകിപ്പോകാതിരിക്കാനുള്ള ആണികളായി പര്‍വതങ്ങളെയും സൃഷ്ടിച്ചു (രണ്ടുതരം ജലാശയങ്ങള്‍ക്കിടയില്‍ അവന്‍ ഉണ്ടാക്കി) - ഉപ്പുവെള്ളവും ശുദ്ധജലവും. അവ തമ്മില്‍ കൂടിക്കലരാതെ തടയുന്നു. അവയ്ക്കിടയില്‍ (ഒരു തടസ്സം) സ്ഥാപിച്ചു. അല്ലെങ്കില്‍ രണ്ടുതരം ജലാശയങ്ങളുടെയും ഗുണം ലഭിക്കുമായിരുന്നില്ല. ഭൂമി മറ്റൊരു തടസ്സമാണ്. അത് കടല്‍ ജലത്തില്‍നിന്നും നദികളിലെ ജലത്തെ വ്യത്യസ്തമാക്കുന്നു. അതിനാല്‍ അവ രണ്ടിന്റെയും പ്രയോജനം ലഭിക്കുന്നു. (അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവും ഉണ്ടോ?) ഇതെല്ലാം ചെയ്തു കൊടുക്കാന്‍ കഴിവുള്ളവനായി അവര്‍ക്ക് അവനോടൊപ്പം പങ്കു ചേര്‍ക്കാന്‍ അര്‍ഹതയുള്ളവന്‍? (അല്ല, അവരില്‍ അധികപേരും അറിയുന്നില്ല) അതിനാല്‍ അവര്‍ തങ്ങളുടെ നേതാക്കളെ അനുസരിച്ച് അല്ലാഹുവിന് പങ്കാളികളെ സ്വീകരിക്കുന്നു. ശരിയായ അറിവ് അവര്‍ക്ക് ഉണ്ടായിരുന്നെങ്കില്‍ അവര്‍ അവനില്‍ പങ്കു ചേര്‍ക്കുമായിരുന്നില്ല.*

أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ﴿٦٢﴾

62 അഥവാ, കഷ്ടപ്പെട്ടവന്‍ വിളിച്ചു പ്രാര്‍ഥിച്ചാല്‍ അവന് ഉത്തരം നല്‍കുകയും വിഷമം നീക്കി കൊടുക്കുകയും, നിങ്ങളെ ഭൂമിയില്‍ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങള്‍ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ.

*62). കഷ്ടതയിൽ വലയുകയും ആഗ്രഹിച്ചത് നേടുന്നതിൽ പ്രയാസം നേരിടുകയും കഷ്ടപ്പാടിൽനിന്ന് രക്ഷപ്പെടാൻ മാർഗമില്ലാതെ നിരാശനാവുകയും ചെയ്ത ഒരാൾക്ക് അല്ലാഹു അല്ലാതെ ആരെങ്കിലും ഉത്തരം നൽകുമോ? അല്ലാഹുവല്ലാതെ ആർക്കാണ് ദുരിതങ്ങളും കഷ്ടപ്പാടുകളും ഇല്ലാതാക്കാൻ കഴിയുക? നിങ്ങളെ ഭൂമിയിൽ തുടർച്ചയായി തലമുറകളാക്കുകയും ഭൂമിയെ ഉപയോഗപ്പെടുത്താൻ നിങ്ങളെ പ്രാപ്തരാക്കുകയും നിങ്ങൾക്ക് ഉപജീവനം നൽകുകയും അനുഗ്രഹങ്ങൾ എത്തിക്കുകയും ചെയ്യുന്നവൻ അല്ലാഹുവാണ്. നിങ്ങളുടെ മുമ്പുള്ളവർക്ക് ശേഷം നിങ്ങളെ പിൻഗാമികളാക്കിയത് അവനാണ്. നിങ്ങളെ മരിപ്പിച്ച് നിങ്ങൾക്ക് ശേഷം മറ്റൊരു ജനതയെ കൊണ്ടുവരുന്നവനുമാണവൻ. ഇതെല്ലാം ചെയ്യാൻ കഴിയുന്ന മറ്റൊരു ആരാധ്യനുണ്ടോ? അല്ലാഹുവല്ലാതെ ഇതൊന്നും ചെയ്യാൻ കഴിയുന്ന യാതൊരാളും ഇല്ല. അല്ലാഹുവെപ്പോലെ ഇതൊന്നും ചെയ്യാൻ കഴിയുന്നവർ ആരുമില്ലെന്ന് ബഹുദൈവാരാധകർവരെ അംഗീകരിക്കും. അതുകൊണ്ടാണ് അവർക്ക് ആപത്ത് ബാധിക്കുമ്പോൾ തങ്ങൾക്ക് ബാധിച്ചത് നീങ്ങിക്കിട്ടാൻ അല്ലാഹുവോട് മാത്രം അവർ പ്രാർഥിക്കുന്നത്. (കുറച്ചു മാത്രമെ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ) കാര്യങ്ങളെക്കുറിച്ച് ശ്രദ്ധിക്കുകയും ചിന്തിക്കുകയും ചെയ്താൽ നിങ്ങൾ നേർവഴിയിലാകും. എന്നാൽ അശ്രദ്ധ നിങ്ങളെ കീഴടക്കിയാൽ നിങ്ങൾ ഇതൊന്നും ശ്രദ്ധിക്കുകയില്ല. സന്മാർഗത്തിലാകുകയുമില്ല.*

أَمَّن يَهْدِيكُمْ فِي ظُلُمَاتِ الْبَرِّ وَالْبَحْرِ وَمَن يُرْسِلُ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ تَعَالَى اللَّهُ عَمَّا يُشْرِكُونَ ﴿٦٣﴾

**63**

അഥവാ കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴി കാണിക്കുകയും, തന്റെ കാരുണ്യത്തിന് മുമ്പിൽ സന്തോഷസൂചകമായി കാറ്റുകൾ അയക്കുകയും ചെയ്യുന്നവനോ? (അതല്ല, നിങ്ങളുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? അവർ പങ്കുചേർക്കുന്നതിനെല്ലാം അല്ലാഹു അതീതനായിരിക്കുന്നു.

*63). നിങ്ങൾ കടലിലെയും കരയിലെയും അന്ധകാരത്തിൽ അകപ്പെടുമ്പോഴും വഴിയറിയാൻ യാതൊരു മാർഗവുമില്ലാതിരിക്കുമ്പോഴും രക്ഷപ്പെടാനും ശരിയായ വഴി കണ്ടെത്താനും അവൻ നിങ്ങൾക്ക് മാർഗങ്ങൾ ഏർപ്പെടുത്തിത്തരുന്നു. (തന്റെ കാരുണ്യത്തിനു മുമ്പ് സന്തോഷ സൂചകമായി കാറ്റുകൾ അയക്കുകയും ചെയ്യുന്നവൻ). അവൻ മഴക്കു മുമ്പായി കാറ്റുകളെ അയക്കുന്നു. അത് മേഘങ്ങളെ ഇളക്കിവിടുന്നു. എന്നിട്ട് അതിനെ ഒന്നിപ്പിക്കുന്നു. ശേഖരിക്കുന്നു. പിന്നീട് അത് മഴയായി പെയ്യുന്നു. മഴ പെയ്യുന്നതിന് മുമ്പ് ആളുകൾ ആ കാറ്റിൽ സന്തോഷിക്കുന്നു. (അല്ലാഹുവോടൊപ്പം മറ്റു വല്ല ദൈവവും ഉണ്ടോ) ഇതെല്ലാം ചെയ്യാൻ കഴിയുന്ന മറ്റു വല്ലവരുമുണ്ടോ എന്നാണ് ചോദ്യം. അതോ അവൻ മാത്രമാണോ ഇതെല്ലാം ചെയ്യുന്നത്? എന്നിട്ടും എന്തിനാണ് നിങ്ങൾ അവന്റെ കൂടെ പങ്കാളികളെ ചേർക്കുന്നത്, അവനല്ലാത്തവരെ ആരാധിക്കുന്നത്? (അവർ പങ്കുചേർക്കുന്നതിനെല്ലാം അല്ലാഹു അതീതനായിരിക്കുന്നു) അവൻ വലിയവനും പരിശുദ്ധനുമാണ്. അവനിൽ പങ്കുചേർക്കുന്നതിലും മറ്റുള്ളവരെ അവനു തുല്യരായി കണക്കാക്കുന്നതിലും നിന്നെല്ലാം അവൻ എത്രയോ പരിശുദ്ധനാണ്.*

أَمَّن يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَمَن يَرْزُقُكُم مِّنَ السَّمَاءِ وَالْأَرْضِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ قُلْ هَاتُوا بُرْهَانَكُمْ إِن كُنتُمْ صَادِقِينَ ﴿٦٤﴾

**64**

അഥവാ, സൃഷ്ടി ആരംഭിക്കുകയും പിന്നീട് അത് ആവർത്തിക്കുകയും, ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്യുന്നവനോ? (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹു വോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? (നബിയേ,) പറയുക: നിങ്ങൾ സത്യവാൻമാരാണെങ്കിൽ നിങ്ങൾക്കുള്ള തെളിവ് നിങ്ങൾ കൊണ്ടുവരിക.

*64). സൃഷ്ടി ആരംഭിക്കുകയും സർവ സൃഷ്ടികളെയും ഉണ്ടാക്കുകയും അവയുടെ സൃഷ്ടിപ്പ് തുടങ്ങി പിന്നീട് ഉയിർത്തെഴുന്നേൽപ്പ് നാളിൽ അവയെ തിരിച്ചുകൊണ്ടു വരികയും ചെയ്യുന്നത് ആരാണ്? ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്കു മഴയും സസ്യങ്ങളും ഉപജീവനം നൽകുന്നതും ആരാണ്? (അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവും ഉണ്ടോ?) ഇതെല്ലാം ചെയ്യാൻ കഴിയുന്നവനായി എന്നാണ് ചോദ്യം. (പറയുക: നിങ്ങൾ സത്യവാന്മാരാണെങ്കിൽ നിങ്ങൾക്കുള്ള തെളിവ് നിങ്ങൾ കൊണ്ടുവരിക) നിങ്ങൾ പറയുന്നതിനുള്ള തെളിവ് നിങ്ങൾ കൊണ്ടുവരിക. അല്ലെങ്കിൽ നിങ്ങൾ പറയുന്നത് നിങ്ങളുടെ സങ്കൽപങ്ങൾ മാത്രമാണെന്ന് കണക്കാക്കും. അതായത് വിഗ്രഹങ്ങൾക്ക് ഇതിൽ പങ്കുണ്ടെന്ന വാദം കേവലം അവകാശവാദം മാത്രം. അങ്ങനെയെങ്കിൽ നിങ്ങളുടെ വാദം നിരർഥകമാണെന്നും നിങ്ങൾക്ക് യാതൊരു പ്രമാണവും ഇല്ലെന്നും നിങ്ങൾ മനസ്സിലാക്കണം. അതിനാൽ ശരിയായ തെളിവുള്ള ദൃഢമായ സത്യത്തിലേക്ക് നിങ്ങൾ മടങ്ങുക. അതായത് ഇതെല്ലാം ചെയ്യുന്നത് അല്ലാഹു മാത്രമാണെന്നും എല്ലാ തരം ആരാധനകളും അവനിൽ മാത്രമെ അർപ്പിക്കപ്പെടാവൂ എന്നും നിങ്ങൾ അംഗീകരിക്കണം.*

قُل لَّا يَعْلَمُ مَن فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ ۚ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴿٦٥﴾

**65** (നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്കറിയില്ല.

*65) ആകാശങ്ങളിലും ഭൂമിയിലുമുള്ള അദൃശ്യകാര്യങ്ങൾ അറിയുന്നവൻ അല്ലാഹു മാത്രമേയുള്ളൂ എന്നാണ് അല്ലാഹു ഇവിടെ പറയുന്നത്:*

وَعِندَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ ۚ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِي ظُلُمَاتِ الْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِي كِتَابٍ مُّبِينٍ ﴿٥٩﴾

*“അവന്റെ പക്കലാകുന്നു അദൃശ്യകാര്യങ്ങളുടെ ഖജനാവുകൾ. കരയിലും കടലിലും ഉള്ളത് അവനല്ലാതെ അറിയുകയില്ല. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിൽ ആയിരിക്കുന്ന ഒരു ധാന്യമണിയാവട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടത് ആയിട്ടല്ലാതെ ഉണ്ടാവില്ല” (ക്വുർആൻ 6:59).*

*മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു:*

إِنَّ اللَّهَ عِندَهُ عِلْمُ السَّاعَةِ وَيُنَزِّلُ الْغَيْثَ وَيَعْلَمُ مَا فِي الْأَرْحَامِ ۖ

*”തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴ പെയ്യിക്കുന്നു, ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു” (31:34).*

*ആകാശങ്ങളിലും ഭൂമിയിലുമുള്ള അദൃശ്യകാര്യങ്ങൾ അവനു മാത്രമെ അറിയൂ എന്നാണ് അല്ലാഹു ഇവിടെ നമ്മോട് പറയുന്നത്. അല്ലാഹുവിനോട് സാമീപ്യമുള്ള ഒരു മലക്കിനോ നിയോഗിക്കപ്പെട്ട ഒരു പ്രവാചകനോ അതറിയില്ല. ആളുകളുടെ ഹൃദയത്തിലുള്ളതും മറഞ്ഞിരിക്കുന്നതും സൂക്ഷ്മവുമായ എല്ലാ കാര്യങ്ങളും അറിയുന്നവൻ അവൻ മാത്രമാണെങ്കിൽ ആരാധനയും അവനു മാത്രമെ പാടുള്ളൂ. തുടർന്ന് അല്ലാഹു പറയുന്നത്, പരലോകത്ത് നിഷേധിക്കുന്നവരുടെ അറിവില്ലായ്മയെ കുറിച്ചാണ്. ഒന്നിൽനിന്നും അതിനെക്കാൾ പ്രാധാന്യമുള്ളതിലേക്കാണ് നീങ്ങുന്നത്. (അവർക്കറിയില്ല) അതായത് അവർ അറിയുന്നില്ല. (തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന്) എപ്പോൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നതും ക്വബ്‌റുകളിൽനിന്ന് പുറത്തേക്ക് വരുന്നതും അവർക്കറിയില്ല. അതുകൊണ്ടുതന്നെ അവർ അതിനുവേണ്ടി ഒരുങ്ങിയിട്ടുമില്ല.*



ഇത്തിബാഉർറസൂൽ 2

# ഇത്തിബാഇന് തടസ്സമാകുന്ന ഘടകങ്ങൾ

സമീർ മുണ്ടേരി
: 8594044600

പ്രവാചകചര്യ (സുന്നത്ത്) പിൻപറ്റുക എന്നത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണെന്ന് നാം മനസ്സിലാക്കി. ഉമർ(റ) പറഞ്ഞു: "നിങ്ങൾ ക്വുർആൻ പഠിക്കുന്നത് പോലെ സുന്നത്തും നിർബന്ധ കർമങ്ങളും (ഫറാഇദ്) അറബി ഭാഷാ നിയമങ്ങളും (ലഹ്ൻ) പഠിക്കുക."

നബി(സ്വ)യുടെ ചര്യകളെ പിൻപറ്റുന്നതിൽനിന്ന് പലപ്പോഴും മനുഷ്യരെ തടയുന്ന ചില ഘടകങ്ങളുണ്ട്. പ്രവാചക മാതൃകകൾ വിസ്മരിക്കപ്പെടുന്ന ഇക്കാലത്ത്, ഇത്തിബാഇന് തടസ്സമായി നിൽക്കുന്ന പ്രധാനപ്പെട്ട നാല് കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

**1. അറിവില്ലായ്മ**

വിശ്വാസപരമായോ കർമപരമായോ മനുഷ്യന് സംഭവിക്കുന്ന എല്ലാ വീഴ്ചകളുടെയും അടിസ്ഥാന കാരണം അറിവില്ലായ്മയാണ്. അല്ലാഹുവിനെക്കുറിച്ചും അവന്റെ മതത്തെക്കുറിച്ചും കൃത്യമായ അറിവില്ലാതെ സംസാരിക്കുന്നത് വൻപാപമാണ്. അല്ലാഹു പറയുന്നു: "...അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് അറിവില്ലാത്തത് പറഞ്ഞുണ്ടാക്കലും (അവൻ നിഷിദ്ധമാക്കിയിരിക്കുന്നു)" (അൽഅഅ്റാഫ്: 33).

ഈ ആയത്തിനെ വിശദീകരിച്ച് ഇമാം സഅദി(റഹി) പറയുന്നു: "അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലും നിയമങ്ങളിലും പ്രവൃത്തികളിലും അറിവില്ലാതെ സംസാരിക്കുക എന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്." ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: "അറിവില്ലാതെ അല്ലാഹുവിന്റെ പേരിൽ സംസാരിക്കുക എന്നത് ഏറ്റവും ഗൗരവമേറിയതും വലിയ പാപവുമാണ്." പഠിക്കാൻ തയ്യാറാവുക എന്നതാണ് ഇതിനുള്ള പരിഹാരം.

അബുദ്ദർദാഅ്(റ) പറഞ്ഞു: "നീ ഒരു പണ്ഡിതനാവുക, അല്ലെങ്കിൽ വിദ്യാർഥിയാവുക, അതുമല്ലെങ്കിൽ കേൾക്കുന്നവനാവുക, അല്ലെങ്കിൽ (അറിവിനെ) സ്നേഹിക്കുന്നവനാവുക. അഞ്ചാമത്തെ ഒരാളാവരുത് (അറിവിനെ അവഗണിക്കുന്നവൻ), എങ്കിൽ നീ നശിച്ചുപോകും."

അറിയാത്ത കാര്യങ്ങളിൽ 'എനിക്കറിയില്ല' എന്ന് പറയാൻ മടിക്കേണ്ടതില്ല. പ്രഗത്ഭ പണ്ഡിതനായ ശഅ്ബി(റഹി)യോട് ഒരു മസ്അല ചോദിച്ചപ്പോൾ അദ്ദേഹം 'എനിക്കറിയില്ല' എന്ന് മറുപടി നൽകി. 'ഇറാഖിലെ കർമശാസ്ത്ര പണ്ഡിതനായ താങ്കൾക്ക് ഇങ്ങനെ പറയാൻ ലജ്ജയില്ലേ' എന്ന് ചോദിക്ക പ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'നീ പഠിപ്പിച്ചു തന്നതല്ലാതെ ഞങ്ങൾക്ക് ഒരു അറിവുമില്ല എന്ന് അല്ലാ ഹുവിനോട് പറയാൻ മലക്കുകൾക്ക് ലജ്ജ

**അറിവില്ലായ്മ നീക്കി, ദേഹച്ഛകളെ വെടിഞ്ഞ്, അന്ധമായ അനുകരണത്തിന് പകരം പ്രമാണങ്ങളെ മുറുകെ പിടിച്ച്, ബുദ്ധിയെ വഹ്‌യിന് വിധേയമാക്കി ജീവിക്കുമ്പോഴാണ് യഥാർഥ 'ഇത്തിബാഅ്' സാധ്യമാകുന്നത്.**

തോന്നിയിട്ടില്ലല്ലോ (പിന്നെ എനിക്കെന്തിന് ലജ്ജ തോന്നണം!)."

*ഇത്തിബാഇന് തടസ്സമാകുന്ന ഘടകങ്ങൾ: ഒരു വിശകലനം*

**2. ദേഹച്ഛയെ പിൻപറ്റൽ**

നേരായ മാർഗത്തിൽ നിന്ന് മനുഷ്യനെ വ്യതിചലിപ്പിക്കുന്ന പ്രധാന വില്ലനാണ് സ്വന്തം ഇഷ്ടങ്ങളെയും ഇച്ഛക(ഹവാ)ളെയും പിൻപറ്റുക എന്നത്. അല്ലാഹു പറയുന്നു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങളത് പിന്തുടരുക. മറ്റു മാർഗങ്ങളെ നിങ്ങൾ പിൻപറ്റരുത്. അവയൊക്കെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ചുകളയും" (അൽഅൻആം: 153).

തന്നിഷ്ടങ്ങൾക്കൊത്ത് ജീവിക്കുന്നവർക്ക് പ്രവാചക ചര്യകൾ ഭാരമായി തോന്നും. നബി(സ്വ) പറഞ്ഞു: "ഞാൻ കൊണ്ടുവന്ന ആദർശത്തിന് നിങ്ങളുടെ മനസ്സിന്റെ ഇഷ്ടം വിധേയമാകുന്നതുവരെ നിങ്ങളിലൊരാളും (പൂർണ)വിശ്വാസിയാവുകയില്ല" (ശർഹുസ്സുന്ന).

അലി(റ) കൂഫയിൽ വെച്ച് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു: "നിങ്ങളിൽ ഞാൻ ഏറ്റവും ഭയപ്പെടുന്നത് രണ്ട് കാര്യങ്ങളെയാണ്. ഒന്ന്, നീണ്ട പ്രതീക്ഷകൾ വെച്ചുപുലർത്തൽ. രണ്ട്, ദേഹേച്ഛയെ പിൻപറ്റൽ. നീണ്ട പ്രതീക്ഷകൾ പരലോകത്തെ വിസ്മരിപ്പിക്കും; ദേഹച്ഛയെ പിൻപറ്റൽ സത്യത്തിൽനിന്ന് വഴിതെറ്റിക്കും."

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വരാനിരിക്കുന്ന കാലത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകി: "സത്യം ദേഹേച്ഛയെ നയിക്കുന്ന ഒരു കാലത്താണ് നിങ്ങളുള്ളത്. എന്നാൽ ദേഹേച്ഛ സത്യത്തെ നയിക്കുന്ന (സത്യത്തെക്കാൾ സ്വന്തം താൽപര്യങ്ങൾക്ക് മുൻഗണന നൽകുന്ന) ഒരു കാലം വരാനിരിക്കുന്നു. ആ കാലത്തെ തൊട്ട് അല്ലാഹുവിനോട് കാവൽ തേടുക."

മനുഷ്യനെ നശിപ്പിക്കുന്ന മൂന്ന് കാര്യങ്ങളെക്കുറിച്ച് നബി(സ്വ) പറഞ്ഞു: 'പിശുക്ക്, പിന്തുടരപ്പെടുന്ന ദേഹച്ഛ, സ്വന്തം അഭിപ്രായത്തിൽ മതിപ്പ് തോന്നൽ എന്നിവയാണവ" (ത്വബ്റാനി). അതുകൊണ്ട് നമ്മുടെ തന്നിഷ്ടമാണോ സുന്നത്തുകൾ എടുക്കുന്നതിൽ നിന്ന് നമ്മെ തടയുന്നതെന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതുണ്ട്.

**3. അന്ധമായ അനുകരണം**

പ്രമാണങ്ങളെക്കാൾ മറ്റുള്ളവരുടെ വാക്കുകൾക്ക് മുൻഗണന നൽകുന്നതും പൂർവികർ ചെയ്തു പോന്നു എന്ന ന്യായം പറഞ്ഞ് തെറ്റുകളിൽ ഉറച്ചുനിൽക്കുന്നതും ഇത്തിബാഇന് തടസ്സമാണ്.

"അല്ലാഹു അവതരിപ്പിച്ചതിലേക്കും റസൂലിലേക്കും വരുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ, ഞങ്ങളുടെ പിതാക്കന്മാരെ ഏതൊരു നിലപാടിലാണോ ഞങ്ങൾ കണ്ടെത്തിയത് അതു മതി ഞങ്ങൾക്ക് എന്നായിരിക്കും അവർ പറയുക" (അൽമാഇദ: 104).

തെളിവുകൾ നോക്കാതെ ഒരാളുടെ വാക്ക് സ്വീകരിക്കുന്നതിനെയാണ് 'തക്‌ലീദ്' (അന്ധമായ അനുകരണം) എന്ന് പണ്ഡിതന്മാർ വിശദീകരിച്ചത്. ദീനിൽ തെളിവുകൾക്കാണ് പ്രാധാന്യം. മദ്ഹബിന്റെ ഇമാമുകൾ പോലും അന്ധമായ അനുകരണത്തെ എതിർത്തിട്ടുണ്ട്:

- ഇമാം ശാഫിഈ (റഹി): "ഹദീസ് സ്വഹീഹാണെങ്കിൽ അതാണ് എന്റെ മദ്ഹബ്."
- ഇമാം അബൂഹനീഫ (റഹി): "എന്റെ തെളിവ് എന്താണെന്ന് അറിയാത്തവന് എന്റെ വാക്ക് വെച്ച് ഫത്‌വ നൽകൽ ഹറാമാണ്."
- ഇമാം മാലിക് (റഹി): "ഞാൻ ഒരു മനുഷ്യനാണ്, എനിക്ക് തെറ്റും ശരിയും പറ്റാം. അതിനാൽ എന്റെ അഭിപ്രായങ്ങൾ പരിശോധിക്കുക. ക്വുർആനിനും സുന്നത്തിനും യോജിച്ചതാണെങ്കിൽ അത് സ്വീകരിക്കുക. അതിനോട് യോജിക്കാത്തവതള്ളിക്കളയുക."

നബി(സ്വ)യുടെ വചനങ്ങൾക്ക് വിരുദ്ധമായി ആരുടെ വാക്ക് വന്നാലും അത് സ്വീകരിക്കാൻ പാടില്ല. ഉർവ ഇബ്നു സുബൈർ(റ), ഇബ്നു അബ്ബാസി(റ)നോട് ഒരു വിഷയത്തിൽ തർക്കിക്കുകയും അബൂബക്കറും(റ) ഉമറും(റ) അങ്ങനെ

ചെയ്തിട്ടില്ല എന്ന് പറയുകയും ചെയ്തു. അപ്പോൾ ഇബ്നു അബ്ബാസ്(റ) നൽകിയ മറുപടി ശ്രദ്ധേയമാണ്: "അവർക്കുമേൽ ആകാശത്തുനിന്ന് കല്ലുകൾ വർഷിക്കപ്പെടുമെന്ന് ഞാൻ ഭയപ്പെടുന്നു. ഞാൻ നബി(സ്വ) പറഞ്ഞ കാര്യമാണ് പറയുന്നത്, അപ്പോൾ നിങ്ങൾ അബൂബക്കറും ഉമറും പറഞ്ഞ കാര്യമാണ് (എതിർവാദമായി) പറയുന്നത്!"

**4. ബുദ്ധിക്ക് അമിത പ്രാധാന്യം നൽകൽ**

അല്ലാഹു മനുഷ്യന് നൽകിയ വലിയ അനുഗ്രഹമാണ് ബുദ്ധി. ചിന്തിക്കാനും മനസ്സിലാക്കാനും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ മതനിയമങ്ങളിൽ ബുദ്ധിക്ക് പരിധിയുണ്ട്. പഞ്ചേന്ദ്രിയങ്ങൾ ക്കും ബുദ്ധിക്കും അപ്പുറത്തുള്ള കാര്യമാണ് 'ഗൈബ്' (അദൃശ്യം).

ആത്മാവിനെക്കുറിച്ചും മലക്കുകളെക്കുറിച്ചും പരലോകത്തെക്കുറിച്ചുമുള്ള കാര്യങ്ങൾ പരീക്ഷണ ശാലകളിൽ തെളിയിക്കാൻ കഴിയുന്നവയല്ല. ഉദാഹരണത്തിന്, വെള്ളിയാഴ്ച ജുമുഅക്ക് വരുന്നവരെ മലക്കുകൾ രേഖപ്പെടുത്തുന്നു, അല്ലെങ്കിൽ വീട്ടിൽ കയറുമ്പോൾ ബിസ്മി ചൊല്ലിയില്ലെങ്കിൽ പിശാച് അവിടെ താമസമുറപ്പിക്കുന്നു തുടങ്ങിയ കാര്യങ്ങൾ പ്രമാണങ്ങളിലൂടെ മാത്രം ലഭിക്കുന്ന അറിവാണ്. അവിടെ യുക്തിക്ക് സ്ഥാനമില്ല.

അല്ലാഹു പറയുന്നു: "നിന്റെ റബ്ബ് തന്നെയാണ് സത്യം; അവർക്കിടയിലുള്ള തർക്കങ്ങളിൽ നിന്നെ (പ്രവാചകനെ) വിധികർത്താവാക്കുകയും നീ നൽകിയ വിധിയിൽ ലവലേശം വിയോജിപ്പ് തോന്നാതെ പൂർണമായി അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (അന്നിസാഅ്: 65).

ചുരുക്കത്തിൽ, അറിവില്ലായ്മ നീക്കി, ദേഹച്ഛകളെ വെടിഞ്ഞ്, അന്ധമായ അനുകരണത്തിന് പകരം പ്രമാണങ്ങളെ മുറുകെ പിടിച്ച്, ബുദ്ധിയെ വഹ്‌യിന് വിധേയമാക്കി ജീവിക്കുമ്പോഴാണ് യഥാർഥ 'ഇത്തിബാഅ്' സാധ്യമാകുന്നത്.

*(തുടരും)*





# വിജ്ഞാനം വെളിച്ചമാണ്

ശമീർ മദീനി
: 9048 221 212

ശരിയായ ജ്ഞാനം ഉയർത്തപ്പെടുന്നത് അന്ത്യദിനത്തിന്റെ അടയാളങ്ങളിൽ ഒന്നായി നബി (സ്വ) ഉണർത്തിയിട്ടുണ്ട്. ശരിയായ അറിവു കരസ്ഥമാക്കാൻ അൽപം കഷ്ടപ്പെടുവാനും ബുദ്ധിമുട്ടുവാനും തയ്യാറല്ലാത്ത അവസ്ഥയാണ് പൊതുവിൽ ആധുനിക സമൂഹത്തിൽ നാം കാണുന്നത്. എന്നാൽ നമ്മുടെ മുൻഗാമികളുടെ അവസ്ഥയാകട്ടെ ദീൻ പഠിക്കാനും അത് പ്രയോഗവത്കരിക്കാനുമൊക്കെ ആ മാർഗത്തിൽ വളരെയധികം ഉത്സാഹിക്കുകയും ഏറെ കഠിനമായ ത്യാഗങ്ങൾ സഹിക്കുകയും ചെയ്ത ചരിത്രമാണുള്ളത്. അവരുടെ ദീർഘമായ യാത്രകളുടെയും കഷ്ടപ്പാടുകളുടെയും നിരവധി ഉദാഹരണങ്ങൾ നമുക്ക് മുമ്പിലുണ്ട്. ഇന്നത്തേത് പോലെയുള്ള സൗകര്യങ്ങൾ ഇല്ലാഞ്ഞിട്ടും ദീർഘമായ യാത്രയും പട്ടിണിയും പ്രയാസങ്ങളും സഹിച്ച് അവർ ദീനിന്റെ കാവൽക്കാരായി നിലകൊണ്ടു. നല്ലൊരു വിളക്കു പോലുമില്ലാതെ എഴുതാനും വായിക്കുവാനും ഏറെ കഷ്ടപ്പെടുകയും അങ്ങനെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുകയും ചെയ്ത മഹത്തുക്കളുടെ ചരിത്രം നാം ഓർക്കേണ്ടതുണ്ട്.

എന്നാൽ പിൽക്കാലത്ത് സൗകര്യങ്ങൾ കൂടിയപ്പോൾ

അതിനുള്ള താൽപര്യവും സന്നദ്ധതയും കുറഞ്ഞു എന്ന് മാത്രമല്ല, ലക്ഷ്യത്തിൽനിന്ന് തെറ്റിക്കുന്ന നിരവധി തടസ്സങ്ങൾ കൂടി അധികരിച്ചു. എന്നിരുന്നാലും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവിടെയും നിരാശപ്പെടേണ്ടതില്ല. അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് നിരന്തരമായ പ്രാർഥനകളും സഹായാർഥനകളുമായി പരിശ്രമിക്കാൻ സന്നദ്ധമാവുകയും അതിനുള്ള മനസ്സ് പാകപ്പെടുത്തിയെടുക്കുകയും ചെയ്താൽ തീർച്ചയായും വിജ്ഞാനവീഥിയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും. ശക്തമായ ജിഹാദ് വേണ്ട ഒരു മേഖലയാണിത്. അതിനായി ചില കാര്യങ്ങൾ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

*ഒന്ന്) അലസതയിൽനിന്ന് രക്ഷ തേടുക:* നമുക്ക് മടിയും തളർച്ചയുമുണ്ടാക്കുന്ന ജീവിതശൈലികളും രീതികളും ഒഴിവാക്കി അല്ലാഹുവിനോട് രക്ഷ തേടുക എന്നതാണ് ഒന്നാമതായി വേണ്ടത്. നബി(സ്വ) പഠിപ്പിച്ചു: 'അല്ലാഹുവേ, അശക്തതയിൽനിന്നും അലസതയിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.'

*രണ്ട്) പാപങ്ങൾ വെടിയുക:* നാം ചെയ്തുകൂട്ടുന്ന പാപങ്ങൾ നമ്മുടെ നന്മയുടെ വഴിയിലെ ഏറ്റവും വലിയ വിലങ്ങുതടിയായിരിക്കും എന്ന് പണ്ഡിതന്മാർ ഉണർത്തിയിട്ടുണ്ട്. പാപങ്ങളുടെ ചെറിയ പ്രതിഫലനങ്ങൾ നമ്മുടെ ജീവിതത്തിൽ ഈ ലോകത്ത് വെച്ചുതന്നെ ഉണ്ടാകുമെന്നാണ് ക്വുർആനും സൂചിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: "അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് അവർക്കിടയിൽ നീ വിധി കൽപിക്കുകയും അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റാതിരിക്കുകയും അല്ലാഹു നിനക്ക് അവതരിപ്പിച്ചുതന്ന വല്ല നിർദേശത്തിൽനിന്നും അവർ നിന്നെ തെറ്റിച്ചുകളയുന്നതിനെപ്പറ്റി നീ ജാഗ്രത പുലർത്തുകയും ചെയ്യണമെന്നും (നാം കൽപിക്കുന്നു). ഇനി അവർ പിന്തിരിഞ്ഞ് കളയുകയാണെങ്കിൽ നീ മനസ്സിലാക്കണം; അവരുടെ ചില പാപങ്ങൾ കാരണമായി അവർക്ക് നാശം വരുത്തണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നതെന്ന്. തീർച്ചയായും മനുഷ്യരിൽ അധികപേരും ധിക്കാരികളാകുന്നു" (5:49)

അറിവിന്റെയും നന്മയുടെയും വഴികളിൽനിന്ന് പിന്തിരിയുവാനുള്ള പ്രധാനപ്പെട്ട ഒരു കാരണം നമ്മുടെ ജീവിതത്തിൽ വന്നുപോകുന്ന തെറ്റുകുറ്റങ്ങളാണ് എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. എന്നാ ൽ ആത്മാർഥവും സത്യസന്ധവുമായ പാപമോചന തേട്ടവും പശ്ചാത്താപവുമുണ്ടെങ്കിൽ നമുക്ക് അതിനെ അതിജീവിക്കാൻ സാധിക്കും.

ശൈഖ് ഉസൈമീൻ(റഹി) പറയുന്നു: "നന്മയുടെ വഴിയിലെ ഏറ്റവും വലിയ തടസ്സമാണ് പാപങ്ങൾ...സൂറത്തുന്നിസാഅ് 105,106 വചനങ്ങളിൽനിന്ന് പണ്ഡിതന്മാർ നിർദ്ധരിച്ച് പറഞ്ഞ ഒരു കാര്യമാണ്; ഏതൊരാളുടെ മുമ്പിലും മതവിധി തേടുന്ന വിഷയമായിക്കൊള്ളട്ടെ, അതല്ലെങ്കിൽ ഏതെങ്കിലും കാര്യത്തിൽ മധ്യസ്ഥനായി വിധി പറയേണ്ട ഘട്ടത്തിലായിക്കൊള്ളട്ടെ അല്ലാഹുവിനോടുള്ള ഇസ്തിഗ്ഫാർ ധാരാളമായി അധികരിപ്പിക്കേണ്ടതുണ്ട്. കാരണം പാപങ്ങളുടെ ഇരുട്ട് സത്യത്തെ കാണുന്നതിൽനിന്ന് മറയിടുന്നതാണ്. പാപങ്ങൾ കാരണമായി ഹൃദയത്തിൽ ഒരുതരം കറ പുരളുമെന്ന് ക്വുർആനും (83:14) ഉണർത്തിയിട്ടുണ്ട്" (ശർഹുൽ മുംതിഅ്, പേജ് 23).

*മൂന്ന്) അല്ലാഹുവിലേക്ക് ആത്മാർഥമായി അഭയം തേടുക:*


ഏതു വിഷയത്തിലും നമുക്ക് ആശ്രയവും അവലംബവും അഭയവും നമ്മുടെ രക്ഷിതാവായ അല്ലാഹു മാത്രമാണ്. അതിനാൽ ഏതു ഘട്ടത്തിലും അവനിലേക്ക് അഭയം തേടുവാനും പ്രാർ ഥിക്കുവാനും നമുക്ക് സാധിക്കണം. അല്ലാഹു പറയുന്നു: "...വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്" (65:3)

*നാല്) ധാരാളമായി അല്ലാഹുവിനെ സ്മരിക്കലും ഇസ്തിഗ്ഫാർ അധികരിപ്പിക്കലും:*

ദിക്ർ-ദുആകൾക്ക് നമുക്ക് സങ്കൽപിക്കാനാകാത്ത അത്ഭുതങ്ങൾ തീർക്കാൻ സാധിക്കും എന്നത് ഒരു വസ്തുതയാണ്. ഇബ്നുൽ ക്വയ്യിം(റഹി) തന്റെ പ്രസിദ്ധ ഗ്രന്ഥമായ അൽവാബിലുസ്സ്വയ്യിബ് എന്ന ഗ്രന്ഥത്തിൽ ദിക്റുകളുടെ 70ൽ അധികം നേട്ടങ്ങൾ എണ്ണിപ്പറയുന്നുണ്ട്.

അങ്ങനെ പ്രതികൂല സാഹചര്യങ്ങളെ അതിജയിച്ച് അറിവിന്റെ വഴിയിലൂടെ മുന്നേറാൻ നമുക്ക് സാധിച്ചാൽ അതുവഴി ധാരാളം നന്മകളും നേട്ടങ്ങളും നമുക്ക് സായത്തമാക്കാൻ സാധിക്കും. അല്ലാഹു വിന്റെ തൃപ്തിയും മലക്കുകളുടെ പ്രാർഥനകളും സ്വർഗത്തിലേക്കുള്ള പാത എളുപ്പമാക്കുവാനുമെല്ലാം അതുവഴി സാധിക്കും. ■

# ചുട്ടുപൊള്ളുന്ന കേരളം;
# അതിജീവനത്തിനായുള്ള ആരോഗ്യപാഠങ്ങൾ




ഡോ.റഫീദ.കെ
: 9446 990 010

മലയാളിയുടെ കലണ്ടറിൽ വേനൽക്കാലം എന്നും ആഘോഷങ്ങൾ നിറഞ്ഞ അവധിക്കാലമായിരുന്നു; ചൂടുണ്ടായിരുന്നെങ്കിലും. എന്നാൽ ഇന്ന് ചൂട് അസഹ്യമാണ്. വിയർപ്പൊഴുക്കുന്ന വെയിലല്ല, മറിച്ച് ചർമം പൊള്ളിക്കുന്ന, ശ്വാസം മുട്ടിക്കുന്ന ഉഷ്ണതരംഗങ്ങളാണ് (Heat Waves) വേനൽക്കാലത്ത് വന്നെത്തുന്നത്. ആഗോളതാപനത്തിന്റെ ആഘാതം കേരളത്തിന്റെ പച്ചപ്പിനെപ്പോലും കീഴ്പ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ, ചൂടിനെ വെറുമൊരു കാലാവസ്ഥാ മാറ്റമായി കാണാതെ, കൃത്യമായ ശാസ്ത്രീയ മുൻകരുതലുകളോടെ നേരിടേണ്ട ഒരു ആരോഗ്യപ്രശ്നമായി നാം തിരിച്ചറിയണം. നമുക്കും നമ്മുടെ പ്രിയപ്പെട്ടവർക്കും ഈ വേനൽക്കാലം സുരക്ഷിതമാക്കാൻ എന്തൊക്കെ ശ്രദ്ധിക്കണം എന്ന് നോക്കാം.

**കുട്ടികളുടെ ശരീരത്തിന് താപനില ക്രമീകരിക്കാനുള്ള കഴിവ് മുതിർന്നവരെക്കാൾ കുറവാണ്. സ്കൂൾ വിട്ട് വരുമ്പോഴോ കളിക്കുമ്പോഴോ കുട്ടി അമിതമായി തളരുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക. പഴച്ചാറുകളോ തിളപ്പിച്ചാറ്റിയ വെള്ളമോ കൃത്യമായ ഇടവേളകളിൽ നൽകുക. ഇറുകിയ വസ്ത്രങ്ങൾ ഒഴിവാക്കി വായുസഞ്ചാരമുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിപ്പിക്കുക. കാറുകൾക്കുള്ളിൽ കുട്ടികളെ തനിച്ചാക്കി പോകരുത്; നിമിഷങ്ങൾക്കുള്ളിൽ കാറിനുള്ളിലെ താപം മാരകമായ അളവിൽ ഉയർന്നേക്കാം.**

*1. ചൂട് ശരീരത്തെ ബാധിക്കുന്നത് എങ്ങനെ?*

നമ്മുടെ ശരീരം ഒരു യന്ത്രം പോലെയാണ്. അതിന്റെ താപനില എപ്പോഴും 37°-C (98.°-F) ആയി നിലനിർത്താൻ ശരീരം സ്വയം പരിശ്രമിക്കും. പുറത്തെ ചൂട് കൂടുമ്പോൾ ശരീരം വിയർപ്പിലൂടെ ഈ ചൂടിനെ പുറന്തള്ളാൻ ശ്രമിക്കുന്നു. എന്നാൽ അന്തരീക്ഷത്തിലെ ഈർപ്പം (Humidity) കൂടുമ്പോൾ വിയർപ്പ് ഉണങ്ങാതെ വരികയും ശരീരത്തിന്റെ തണുപ്പിക്കൽ പ്രക്രിയ തടസ്സപ്പെടുകയും ചെയ്യുന്നു. ഇതാണ് നമ്മെ അപകടത്തിലേക്ക് നയിക്കുന്നത്.

*2. ആരോഗ്യപ്രശ്നങ്ങളും ലക്ഷണങ്ങളും*

സൂര്യാഘാതം (Heat Stroke): ഏറ്റവും അപകടകരം. ശരീരതാപനില 40°C(104°F)ന് മുകളിൽ പോവുകയും മസ്തിഷ്കത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്യുന്നു. വിയർപ്പ് നിൽക്കുക, കഠിനമായ തലവേദന, ആശയക്കുഴപ്പം, ബോധക്ഷയം എന്നിവയാണ് ലക്ഷണങ്ങൾ.

സൂര്യതാപം (Heat Exhaustion): അമിതമായ വിയർപ്പ്, പേശിവലിവ്, തലകറക്കം, ഛർദി, വേഗത്തിലുള്ള ഹൃദയമിടിപ്പ് എന്നിവ ഇതിന്റെ ലക്ഷണങ്ങളാണ്.

നിർജലീകരണവും ലവണനഷ്ടവും (Dehydration): വിയർപ്പിലൂടെ അമിതമായി ജലവും സോഡിയം, പൊട്ടാസ്യം തുടങ്ങിയ ലവണങ്ങളും നഷ്ടപ്പെടുന്നത് പേശീവലിവിനും (Cramps)കടുത്ത ക്ഷീണത്തിനും കാരണമാകുന്നു. രക്തസമ്മർദം കുറയാനും ഇത് ഇടയാക്കും.

ത്വക്ക് രോഗങ്ങൾ (Skin Problems): അമിതമായ വിയർപ്പും പൊടിയും ചർമത്തിലെ സുഷിരങ്ങൾ അടയുന്നതിനും ചൂടുകുരു (Prickly heat), ഫംഗസ് ബാധ എന്നിവയ്ക്കും കാരണമാകുന്നു. കൂടാതെ അൾട്രാവയലറ്റ് കിരണങ്ങൾ നേരിട്ട് ഏൽക്കുന്നത് ചർമത്തിൽ കരുവാളിപ്പിനും പൊള്ളലിനും കാരണമാകും.

ജലജന്യ രോഗങ്ങൾ: വേനൽക്കാലത്തെ ജലക്ഷാമം ശുദ്ധജലലഭ്യത കുറയ്ക്കുന്നു. മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും ടൈഫോയ്ഡ്, കോളറ, മഞ്ഞപ്പിത്തം (Hepatitis A), വയറിളക്കം തുടങ്ങിയ രോഗങ്ങൾ പടരാൻ സാധ്യതയേറെയാണ്.

നേത്രരോഗങ്ങൾ: കഠിനമായ വെയിലും ചൂടുകാറ്റും കണ്ണുകൾക്ക് വരൾച്ചയുണ്ടാക്കാം. കണ്ണ് ചുവക്കുക, പഴുപ്പ്, ചെങ്കണ്ണ് എന്നിവ വേനൽക്കാലത്ത് വ്യാപകമായി കണ്ടുവരുന്നു.

അഞ്ചാംപനിയും ചിക്കൻപോക്സും: വായുവിലൂടെ പകരുന്ന ഇത്തരം വൈറസ് രോഗങ്ങൾ ചൂടുകാലത്ത് വേഗത്തിൽ പടരാൻ സാധ്യതയുണ്ട്. ശരീരത്തിലെ പ്രതിരോധശേഷി കുറയുന്നതാണ് ഇതിന് പ്രധാന കാരണം.

*3. പ്രായം തിരിച്ചുള്ള പ്രത്യേക ജാഗ്രത*

എ. കുഞ്ഞുങ്ങൾക്കും കുട്ടികൾക്കും:

കുട്ടികളുടെ ശരീരത്തിന് താപനില ക്രമീകരിക്കാനുള്ള കഴിവ് മുതിർന്നവരെക്കാൾ കുറവാണ്. സ്കൂൾ വിട്ട് വരുമ്പോഴോ കളിക്കുമ്പോഴോ കുട്ടി അമിതമായി തളരുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക. പഴച്ചാറുകളോ തിളപ്പിച്ചാറ്റിയ വെള്ളമോ കൃത്യമായ ഇടവേളകളിൽ നൽകുക. ഇറുകിയ വസ്ത്രങ്ങൾ ഒഴിവാക്കി വായുസഞ്ചാരമുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിപ്പിക്കുക. കാറുകൾക്കുള്ളിൽ കുട്ടികളെ തനി

ച്ചാക്കി പോകരുത്; നിമിഷങ്ങൾക്കുള്ളിൽ കാറിനുള്ളിലെ താപം മാരകമായ അളവിൽ ഉയർന്നേക്കാം.

ബി. മുതിർന്നവർക്കും തൊഴിലെടുക്കുന്നവർക്കും:

പുറംജോലികളിൽ ഏർപ്പെടുന്നവർക്കാണ് ഏറ്റവും കൂടുതൽ അപകട സാധ്യത. പുറത്ത് പണിയെടുക്കുമ്പോൾ വിയർപ്പിലൂടെ ശരീരത്തിൽനിന്ന് വെള്ളവും ലവണങ്ങളും വേഗത്തിൽ നഷ്ടപ്പെടുന്നു.

**എന്ത് ചെയ്യാം?**

സാധ്യമായിടത്ത് ജോലിസമയം ക്രമീകരിക്കുന്നത് നല്ലതാണ്. ഉച്ചയ്ക്ക് 11 മണി മുതൽ 3 മണി വരെ നേരിട്ട് വെയിൽകൊള്ളുന്നത് ഒഴിവാക്കുക. ഓരോ 20-30 മിനിറ്റിലും വെള്ളം കുടിക്കുക. ഉപ്പ് ചേർത്ത നാരങ്ങവെള്ളം, മോര്, തേൻവെള്ളം എന്നിവ ഉപയോഗിക്കാം. ദാഹം തോന്നുന്നതിന് മുമ്പുതന്നെ വെള്ളം കുടിക്കുവാൻ ശ്രദ്ധിക്കുക. നിർമാണതൊഴിലാളികൾ, കർഷകർ, ട്രാഫിക് പോലീസ് എന്നിവർ കൃത്യമായ ഇടവേളകളിൽ തണലത്തേക്ക് മാറി വിശ്രമിക്കണം.

സി. പ്രായമായവർക്കും രോഗികൾക്കും:

ഹൃദ്രോഗം, വൃക്കരോഗം, ഉയർന്ന രക്തസമ്മർദം എന്നിവയ്ക്കുള്ള മരുന്നുകൾ കഴിക്കുന്നവർക്ക് ചൂട് വേഗത്തിൽ ഏൽക്കും. ദാഹം തോന്നിയില്ലെങ്കിലും വെള്ളം കുടിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. വീടിനുള്ളിൽ നല്ല വായുസഞ്ചാരം ഉറപ്പാക്കുക. കർട്ടനുകൾ ഉപയോഗിച്ച് നേരിട്ടുള്ള വെയിൽ മുറിക്കുള്ളിലേക്ക് കടക്കുന്നത് തടയുക.

ഡി. സ്ത്രീകൾക്കും, ഗർഭിണികൾക്കും:

**വേനൽക്കാലം കഠിനമാണെങ്കിലും ശരിയായ അറിവും ജാഗ്രതയും ഉണ്ടെങ്കിൽ നമുക്ക് സുരക്ഷിതരായിരിക്കാം. ആരോഗ്യരക്ഷ രോഗം വന്നശേഷം ചികിത്സിക്കുന്നതിലല്ല, രോഗം വരാതിരിക്കാൻ മുൻകരുതൽ എടുക്കുന്നതിലാണ്. ചെറിയ അശ്രദ്ധപോലും വലിയ പ്രശ്നങ്ങൾക്ക് വഴിവെക്കാം; അതുപോലെ ചെറിയ നല്ല ശീലങ്ങൾ വലിയ സംരക്ഷണമായി മാറും.**

ഗർഭകാലത്ത് ശരീരതാപം സാധാരണയെക്കാൾ കൂടുതലായിരിക്കും. ദിവസം രണ്ടുനേരം കുളിക്കുന്നത് ശരീരതാപം കുറയ്ക്കാൻ സഹായിക്കും. അത്യാവശ്യമില്ലാത്ത യാത്രകൾ ഉച്ച സമയത്ത് ഒഴിവാക്കുക. സ്ത്രീകൾ അടുക്കളയിൽ ജോലി ചെയ്യുമ്പോൾ വായുസഞ്ചാരം ഉറപ്പാക്കുക.

*4. ഭക്ഷണക്രമവും ജീവിതശൈലിയും*

നമ്മുടെ ആഹാരരീതിയിൽ ചെറിയ മാറ്റങ്ങൾ വരുത്തിയാൽ ശരീരത്തെ ഉള്ളിൽനിന്ന് തണുപ്പിക്കാം.

**എന്ത് കുടിക്കണം?**

പ്ലെയിൻ വെള്ളം തന്നെയാണ് ഏറ്റവും ഉത്തമം. മണിക്കൂറിൽ ഒരു ഗ്ലാസ് വെള്ളമെങ്കിലും കുടിക്കുന്നതാണ് ഉചിതം. മൂത്രത്തിന്റെ നിറം കടും മഞ്ഞയാണെങ്കിൽ അത് ശരീരം കൂടുതൽ വെള്ളം ആവശ്യപ്പെടുന്നു എന്നതിന്റെ സൂചനയാണ്. തെളിഞ്ഞ നിറത്തിലുള്ള മൂത്രം കൃത്യമായി വെള്ളം ലഭിക്കുന്നു എന്നതിന്റെ ലക്ഷണമാണ്.

കഞ്ഞിവെള്ളം (ഉപ്പിട്ടത്), സംഭാരം (തൈര്), ഇളനീർ, നാരങ്ങാവെള്ളം എന്നിവ കുടിക്കാവുന്നതാണ്. രാമച്ചം, പതിമുഖം, മലർ, നന്നാറി എന്നിവയിലേതെങ്കിലും ഇട്ട് തിളപ്പിച്ച വെള്ളം കുടിക്കാം. കഫീൻ അടങ്ങിയ ചായ, കാപ്പി എന്നിവ കുറയ്ക്കുക; ഇവ ശരീരത്തിലെ ജലാംശം വേഗത്തിൽ നഷ്ടപ്പെടുത്തും. സോഫ്റ്റ് ഡ്രിങ്കുകൾ(carbonated drinks), കൃത്രിമ മധുര പാനീയങ്ങൾ എന്നിവ ഒഴിവാക്കി പ്രകൃതിദത്ത പാനീയങ്ങൾ ശീലമാക്കുക

**എന്ത് കഴിക്കണം?**

ജലാംശം കൂടുതലുള്ള തണ്ണിമത്തൻ, വെള്ളരിക്ക, പപ്പായ, ഓറഞ്ച് എന്നിവ ശീലമാക്കുക. എണ്ണമയമുള്ളതും എരിവുള്ളതുമായ ഭക്ഷണങ്ങൾ ഒഴിവാക്കി ലഘുവായ ഭക്ഷണങ്ങൾ (ഉദാഹരണത്തിന് തൈര്) കഴിക്കുക. ഭക്ഷണസാധനങ്ങൾ വേഗത്തിൽ കേടാകാൻ

സാധ്യതയുള്ളതിനാൽ പഴകിയ ഭക്ഷണം ഒഴിവാക്കുക. മാംസാഹാരത്തിന്റെ അളവ് കുറയ്ക്കുക.

**വസ്ത്രധാരണം**

കറുത്ത വസ്ത്രങ്ങൾ ചൂടിനെ ആഗിരണം ചെയ്യും. അതിനാൽ വെളുത്തതോ ഇളം നിറത്തിലുള്ളതോ ആയ അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ തിരഞ്ഞെടുക്കുക. കുട അല്ലെങ്കിൽ തൊപ്പി ഉപയോഗിക്കുക. കണ്ണുകൾ സംരക്ഷിക്കാൻ സൺഗ്ലാസ് ഉപയോഗിക്കാം

**വ്യായാമം**

കഠിനമായ വ്യായാമങ്ങൾ വെയിൽ കുറഞ്ഞ സമയത്തോ(രാവിലെ/വൈകുന്നേരം) ഇൻഡോർ ജിമ്മുകളിലോ ചെയ്യുക.

*5. അടിയന്തര സാഹചര്യങ്ങളിലെ പ്രഥമശുശ്രൂഷ*

ഒരാൾക്ക് ചൂട് കൊണ്ട് അസ്വസ്ഥത അനുഭവപ്പെട്ടാൽ:

- ആദ്യം ചെയ്യേണ്ടത് അയാളെ തണലത്തേക്കോ എയർകണ്ടീഷൻ ചെയ്ത മുറിയിലേക്കോ മാറ്റുക എന്നതാണ്.
- ഇറുകിയതോ കട്ടികൂടിയതോ ആയ വസ്ത്രങ്ങൾ അഴിച്ച് വായുസഞ്ചാരം എളുപ്പമാക്കുക.
- ശരീരം തണുപ്പിക്കുക: നനഞ്ഞ തുണികൊണ്ട് ശരീരം തുടയ്ക്കുക. കക്ഷം, കഴുത്ത്, നെറ്റി എന്നിവിടങ്ങളിൽ തണുത്ത വെള്ളം ഉപയോഗിക്കുക.
- ജലാംശം നൽകുക: ബോധമുണ്ടെങ്കിൽ മാത്രം വെള്ളം കുടിക്കാൻ നൽകുക. ബോധമില്ലെങ്കിൽ ദ്രാവകങ്ങൾ നൽകരുത്.
- ഡോക്ടറെ കാണുക: ലക്ഷണങ്ങൾ മാറുന്നില്ലെങ്കിൽ ഒട്ടും വൈകാതെ തന്നെ വൈദ്യസഹായം തേടുക.



വേനൽക്കാലം കഠിനമാണെങ്കിലും ശരിയായ അറിവും ജാഗ്രതയും ഉണ്ടെങ്കിൽ നമുക്ക് സുരക്ഷിതരായിരിക്കാം. ആരോഗ്യരക്ഷ രോഗം വന്നശേഷം ചികിത്സിക്കുന്നതിലല്ല, രോഗം വരാതിരിക്കാൻ മുൻകരുതൽ എടുക്കുന്നതിലാണ്. ചെറിയ അശ്രദ്ധപോലും വലിയ പ്രശ്നങ്ങൾക്ക് വഴിവെക്കാം; അതുപോലെ ചെറിയ നല്ല ശീലങ്ങൾ വലിയ സംരക്ഷണമായി മാറും.

ഓരോ വ്യക്തിയും സ്വന്തം ആരോഗ്യം ശ്രദ്ധിക്കുമ്പോൾ കുടുംബവും സമൂഹവും ശക്തമാകും. ബോധവത്കരണവും ഉത്തരവാദിത്തബോധവും കൈകോർക്കുമ്പോൾ വേനൽക്കാലം ഭീഷണിയല്ല, മറിച്ച് ആരോഗ്യകരമായ ജീവിതത്തിലേക്ക് നമ്മെ നയിക്കുന്ന ഒരു അവസരമാകും. അയൽപക്കത്തെ ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരെ അന്വേഷിക്കാനും മുറ്റത്ത് പക്ഷികൾക്കും മൃഗങ്ങൾക്കും വെള്ളം കരുതാനും മറക്കരുത്. പ്രകൃതിക്കൊപ്പം നിന്നുകൊണ്ട്, കരുതലോടെ നമുക്ക് ഈ തീച്ചൂടിനെ അതിജീവിക്കാം. ■



# മൂല്യങ്ങൾ കാത്തു സൂക്ഷിക്കുക

ജസീറ ബിൻത് സകരിയ്യ
(ജാമിഅ അൽഹിന്ദ് ലേഡീസ് ക്യാമ്പസ്)

മനുഷ്യൻ മനുഷ്യനായി മാറുന്നത് മൂല്യങ്ങൾ കാത്തുസൂക്ഷിക്കുമ്പോഴാണ്. മൂല്യങ്ങൾ കൈയൊഴിയുമ്പോൾ അവൻ മനുഷ്യനല്ലാതായി മാറുന്നു. മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് ചില മര്യാദകൾ (അദബുകൾ) മുറുകെ പിടിച്ചുകൊണ്ടാണ്. അറിവിന്റെ വിസ്ഫോടനം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് മര്യാദകൾ വിസ്മരിക്കപ്പെടുന്നു. അറിവുള്ള ആളുകളിൽനിന്ന് ഉത്ഭവിക്കുന്ന വൃത്തികേടുകൾ നമുക്ക് ബോധ്യപ്പെടുത്തിത്തരുന്നത് അറിവിന്റെ ആധിക്യമല്ല പ്രധാനം, മറിച്ച് അറിവിനൊത്ത മര്യാദയുടെ നിലനിൽപ്പാണ് എന്നാണ്.

അറിവ് എന്നത് പുസ്തകങ്ങളിൽനിന്ന് സ്വായത്തമാക്കിയ തിയറികളിലും ഇക്വേഷനുകളിലും ഒതുങ്ങുന്നതാണ് എന്ന വിചാരം ശരിയല്ല. അറിവിനനുസൃതമായി മര്യാദയും നല്ല പെരുമാറ്റവും വിനയവും മാന്യതയും സൗമ്യതയും ആർജിക്കുന്നില്ലെങ്കിൽ നേടിയ അറിവ് വ്യക്തിക്കും സമൂഹത്തിനും ദോഷകരമായാണ് ഭവിക്കുക. അറിവ്, സമ്പത്ത്, സ്ഥാനമാനം എന്നിവകൊണ്ട് മാത്രമല്ല ഒരു വ്യക്തി ആദരിക്കപ്പെടുന്നതും അവന്റെ മൂല്യം നിർണയിക്കപ്പെടുന്നതും, മറിച്ച് ഉന്നതമായ സ്വഭാവഗുണങ്ങൾ കൂടി ഉൾച്ചേരുമ്പോഴാണ്.

ഉന്നതമായ മൂല്യങ്ങളെ കുറിച്ച് സംസാരിച്ച അനവധിയാളുകളെ ലോകം ദർശിച്ചിട്ടുണ്ട്. എന്നാൽ ആ മൂല്യങ്ങൾ സ്വന്തം ജീവിതത്തിൽ മുറുകെ പിടിക്കാൻ കഴിഞ്ഞവർ അപൂർവമാണ്. മുഹമ്മദ് നബി (സ്വ) ലോകം കണ്ട ഏറ്റവും വലിയ മഹാനായി മാറിയത് ഉദാത്തമായ മൂല്യങ്ങളെ കുറിച്ച് പറയുക യും അത് അപ്പടി സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി മാതൃക കാണിക്കുകയും ചെയ്തുകൊ ണ്ടാണ്. അതുകൊണ്ടുതന്നെ അല്ലാഹു നബി(സ്വ)യെ പ്രശംസിച്ചുകൊണ്ട് പറഞ്ഞു: "തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (ക്വുർആൻ 68:04).

ഒരു വിശ്വാസി സ്രഷ്ടാവായ അല്ലാഹുവിനോടും പ്രവാചകനോടും സൃഷ്ടികളോടും പാലിക്കേണ്ടതായ ചില മര്യാദകളുണ്ട്.

അല്ലാഹുവിന്റെ മഹത്ത്വവും ഗാംഭീര്യവും അംഗീകരിച്ചുകൊണ്ട് ഭയത്തോടെയും പ്രതീക്ഷയോടെയും അവനെ മാത്രം ആരാധിക്കുക എന്നത് അവനോട് കാണിക്കുന്ന അദബാണ് അഥവാ മര്യാദയാണ്. അപ്പോഴാണ് 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന സാക്ഷ്യവാക്യം അർഥവത്താവുക.

പ്രവൃത്തികളിലും വാക്കുകളിലുമെല്ലാം റസൂലിന്റെ മാർഗത്തിന് മുൻഗണന നൽകുകയും അത് പിന്തുടരുകയും ചെയ്യുക എന്നതാണ് റസൂലിനോടു കാണിക്കുന്ന അദബ്. റസൂലിന്റെ വാക്കുകളെയും പ്രവൃത്തികളെയും സ്വന്തം ബുദ്ധിക്കനുസരിച്ച്കൊള്ളുകയോ തള്ളുകയോ ചെയ്യുന്നത് റസൂലിനോ ടുള്ള അദബിന്റെ ആത്മാവിനെത്തന്നെ നശിപ്പിക്കുന്നതാണ്. സുന്നത്തിനെ സംശയത്തിന്റെ കോണിൽ നോക്കിക്കാണാതെ അനുസരണയിലൂടെയും ആദരവോടെയും സ്വീകരിക്കുന്നിടത്താണ് റസൂലിനോടുള്ള അദബിന്റെ സൗന്ദര്യം തെളിയുന്നത്.

മനുഷ്യരോട് ഇസ്‌ലാം പഠിപ്പിക്കുന്ന ഉന്നതമായ സ്വഭാവങ്ങളോടെ പെരുമാറുകയും ഓരോരുത്തർക്കും അർഹമായ സ്ഥാനം നൽകുകയും ഗുണകാംക്ഷ കാണിക്കുകയും ചെയ്യുകയാണ് അവരോടുള്ള അദബ് പ്രകടിപ്പിക്കൽ. ഇങ്ങനെ അല്ലാഹുവിനോടും റസൂലിനോടും സൃഷ്ടികളോടുമുള്ള മര്യാദകൾ പാലിക്കുമ്പോഴാണ് ജീവിതം അർഥവത്തായി മാറുന്നത്. ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

മക്കൾക്ക് വ്യവസ്ഥാപിതമായ
മതപഠനം നൽകാൻ
ആഗ്രഹിക്കുന്നുവോ?

SCHOOL OF Qur'an

# സ്കൂൾ ഓഫ് ഖുർആൻ



**പ്രാദേശിക സെന്ററുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

## സവിശേഷതകൾ

- 18 വർഷം നീണ്ടുനിൽക്കുന്ന തുടർച്ചയായ മതപഠനം
- തജ്‌വീദിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ അധ്യാപകർ
- പഠന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം
- ഹദീസ്, അറബി, അഖീദ, കർമ്മം, സ്വഭാവം, ഇസ്‌ലാമിക ചരിത്രം: നവീനരീതിയിൽ തയ്യാറാക്കിയ പഠന രീതികളും പഠന സാമഗ്രികളും
- രക്ഷിതാക്കൾക്ക് വ്യവസ്ഥാപിതമായ സിലബസ് അനുസരിച്ചുള്ള പാരന്റിങ് ക്ലാസുകളും മൂല്യ നിർണയവും
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ഡെസ്ക് സൗകര്യം
- നൂർ ആപ്പ് : സൗജന്യ ഖുർആൻ മൊബൈൽ ആപ്പ്
- സ്കിൽ ഡെവലപ്മെന്റ് ആക്ടിവിറ്റികളോടെയുള്ള പ്രീസ്കൂൾ പഠനം
- ഖുർആൻ പാരായണം മികവുറ്റതാക്കാൻ അൽഖാഇദത്തുന്നൂറാനിയ്യ കോഴ്സ്
- ഓൺലൈൻ ഫോളോഅപ്പിനായി ട്രാക്കർ ആപ്ലിക്കേഷൻ

- നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- 2,3 ഗ്രേഡിലേക്ക് പ്രവേശന പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ഞായറാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

**അപേക്ഷകർ QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.**

**+91 86067 88882 | +91 75940 88003**

Head Office: Jamia Al-Hind Al-Islamiyya | Wadi Al Hikma
Jamia Campus | Mini Ootty | Oorakam | Malappuram | Kerala- 676519

www.schoolofquran.in  Info@schoolofquran.in

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
04 April 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-



**മൂല്യബോധമുള്ള തലമുറയ്ക്കായി**
**ജീവിത നൈപുണികളോടെ.**

**ശാന്തവും സുരക്ഷിതവുമായ പഠനാന്തരീക്ഷം.**

**CBSE Syllabus**

# GreenHome

## Residential Campus For Boys & Girls

**Std 5 to Std IX**

**2nd ADMISSION Selection Camp**
**11** 2026 April **Saturday** 9:30AM-4PM

## ഗ്രീൻ ഹോം പ്രത്യേകതകൾ:

- **അക്കാദമിക് മികവും മെന്ററിംഗും:**
  വ്യക്തിഗത ശ്രദ്ധ ഉറപ്പാക്കുന്ന മികച്ച മെന്ററിംഗ് സിസ്റ്റവും കൗൺസിലിംഗ് സൗകര്യങ്ങളും.
- **ധാർമിക വിദ്യാഭ്യാസം:**
  സ്കൂൾ പഠനത്തോടൊപ്പം ഖുർആൻ പഠനം, പ്രാർത്ഥനാ ശീലങ്ങൾ, മതബോധം എന്നിവയിൽ ഊന്നിയുള്ള ജീവിതക്രമം.
- **ഡിജിറ്റൽ ഡിറ്റോക്സ്:**
  മൊബൈൽ അഡിക്ഷനിൽ നിന്ന് മാറി നിൽക്കാം
- **സുരക്ഷിത ക്യാമ്പസ്:**
  സൽസ്വഭാവവും ആത്മവിശ്വാസവും വളർത്താനുതകുന്ന സ്വസ്ഥമായ താമസ-പഠന സൗകര്യം
- **കഴിവുകളുടെ വികാസം:**
  കല, കായികം, ലീഡർഷിപ്പ് പരിശീലനങ്ങൾ. കൂടാതെ പീസ് റേഡിയോയിലൂടെ ആശയവിനിമയ മികവ് വളർത്താൻ പ്രത്യേക അവസരം.







**GREEN HOME** RESIDENTIAL CAMPUS
**GREEN VALLEY** PUBLIC SCHOOL
**91 9061 716 600**
91 9061 786 600, 91 9061 746 600

Green Valley Campus, P.O.Nellikkaparamba, Mukkam, Kozhikode E-mail: info@greenvalleycampus.com | www.greenvalleycampus.com